# ദി ഡിഫെൻഡർ

Vol. No. 9 Issue No. 7 RNI Reg. No. 68089 / 97 Published From Perumbavoor 2006 APRIL 1 Price: Rs.100/- P.A.


## പി.വൈ.പി.എ. ഇലക്ഷനിൽ വ്യാപകമായ അഴിമതി

പി.വൈ.പി.എ. ഇലക്ഷനിൽ വ്യാപകമായ ക്രമക്കേട് നടന്നതായി ആരോപണം ഉയർന്നിരിക്കുകയാണ്. കളളവോട്ട്, സ്വജനപക്ഷപാതം, ആൾമാറാട്ടം തുടങ്ങിയതെല്ലാം ഇത്തവണത്തെ ഇലക്ഷനിൽ ഉണ്ടായതായാണ് ആരോപണം.

ഇലക്ഷൻ പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഇലക്ഷൻ കമ്മീഷനാണ് തുടർന്നടപടികൾ നടത്തേണ്ടത്. പക്ഷേ പി.വൈ.പി.എ. ഇലക്ഷനിൽ അതല്ല നടന്നത്. മുൻഭാരവാഹികളാണ് സഭകളിലേക്ക് സ്ലിപ്പും മറ്റും അയച്ചത്. വോട്ടിംഗ് അട്ടിമറിക്കാൻ വഴിയൊരുക്കുന്ന ഒരു നടപടിയായിരുന്നു ഇത്. നിരവധി സഭകളിൽ സ്ലിപ്പും മറ്റും യഥാസമയം ലഭിച്ചില്ല. അതുകൊണ്ട് പലർക്കും വോട്ട് ചെയ്യാൻ കഴിഞ്ഞില്ല. സ്ലിപ്പ് ലഭിക്കാതെ പോയവർക്ക് വോട്ട് ചെയ്യാൻ നടപടി ക്രമീകരണം ഇല്ലായിരുന്നു.

വോട്ടു ചെയ്യാൻ എത്തുന്നവരെ തിരിച്ചറിയാൻ മാർഗ്ഗമില്ലായിരുന്നു. സ്ലിപ്പുമായി ആരെത്തിയാലും വോട്ടുചെയ്യാമെന്നതായിരുന്നു സ്ഥിതി. അതുകൊണ്ട് കയ്യൂക്കുള്ളവൻ കാര്യക്കാരനായി. ആൾമാറാട്ടക്കാർ അഴിഞ്ഞാടി. കളളവോട്ടിന്റെ കാര്യം പറയുകയും വേണ്ട.

ആൾമാറാട്ടക്കാരേയും കളളവോട്ടുകാരേയും ചിലർ തൊണ്ടി സഹിതം പിടികൂടിയിട്ടും ഫലമുണ്ടായില്ല. കാരണം, വിളവുതിന്നത് വേലിതന്നെ ആയിരുന്നു. പ്രശ്നം മൂത്ത് ഉന്തും തളളും വരെ ഉണ്ടായി. ഏതായാലും കൈവെയ്പ്പ് നടന്നില്ല. ഈ തറവേലകളൊക്കെ നടത്തി അധികാരത്തിലെത്തിയവർ യുവജനങ്ങളെ എങ്ങോട്ടായിരിക്കും നയിക്കുക എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

## സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ഏഴാമത്തേതിന്റെ റിക്കാഡിംഗ് ആരംഭിച്ചു. ഭാവികാലശാസ്ത്രമാണ് ഈ സി.ഡിയുടെ വിഷയം. ദാനിയേൽ – വെളിപ്പാട് പുസ്തകങ്ങളുടെ വ്യാഖ്യാനവും ഉണ്ടായിരിക്കും.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിലുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്. ലോകമതങ്ങളാണ് അഞ്ചാമത്തെ സി.ഡിയുടെ വിഷയം. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങയെന്ന് ആറാമത്തെ സി.ഡിയിൽ വിവരിക്കുന്നു.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

### വിദേശത്തുളളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

വില: (പോസ്റ്റേജ് അടക്കം)

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)–ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ) – ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

## പുസ്തകവിവാദം: ശരോന്റെ മൗനം സംശയാസ്പദം

അഡ്വ.എം.ജി.മാത്യു എഴുതിയ ഒരു പുസ്തകവുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന വിവാദത്തിൽ ശാരോൻ നേതാക്കൻമാർ സ്വീകരിച്ചിരിക്കുന്ന നിലപാട് സംശയങ്ങൾക്ക് ഇടനൽകുന്നു. അഡ്വ.എം.ജി.മാത്യു ശാരോൻ ഫെലോഷിപ്പിലെ അംഗമാണെങ്കിലും ശാരോൻ നേതൃത്വം ഈ സംഭവം അറിഞ്ഞതായിപ്പോലും ഭാവിക്കുന്നില്ല.

ശാരോനിലെ പാസ്റ്റർമാരോ വിശ്വാസികളോ ശാരോൻ ഫെലോഷിപ്പിലെ അംഗങ്ങളല്ല എന്ന് ശാരോൻ നേതാക്കൻമാർ പണ്ടേ പറഞ്ഞിട്ടുള്ളതാണ്. ശാരോൻ നേതാക്കൻമാരായ ഇരുപതിൽ താഴെ വ്യക്തികൾ മാത്രമാണ് ശാരോൻ ഫെലോഷിപ്പിലെ അംഗങ്ങൾ എന്നാണ് നേതാക്കൻമാർ പറയുന്നത്. ശാരോനും അതിന്റെ നേതാക്കൻമാർക്കും സംഭാവന കൊടുക്കുക, നേതാക്കൻമാർ വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ പങ്കെടുക്കുക, നേതാക്കൻമാരുടെ പ്രസംഗങ്ങൾ കേട്ട് നിർവൃതി അടയുക തുടങ്ങിയതൊക്കെ ചെയ്യാനല്ലാതെ ശാരോനിൽ നിന്ന് എന്തെങ്കിലും പ്രതീക്ഷിക്കാൻ ശാരോന്റെ പ്രാദേശിക സഭകളിലെ അംഗങ്ങൾക്ക് അവകാശമോ അധികാരമോ ഇല്ല.

ഡോ.എം.എ.തോമസിനോടുള്ള വിരോധം തീർക്കാൻ അഡ്വ.എം.ജി.മാത്യുവിനേയും അദ്ദേഹം എഴുതിയ ഒരു പുസ്തകത്തേയും ചിലർ മറയാക്കുകയാണ്. ഈ അനീതിക്കെതിരെ പ്രതികരിക്കാൻ നിരവധി സംഘടനകൾ രംഗത്ത് വന്നിട്ടുമുണ്ട്. എന്നിട്ടും ശാരോൻ നേതാക്കൻമാർക്ക് അനക്കമില്ല.

ശാരോൻ നേതാക്കൻമാർക്ക് എന്തു ചെയ്യാൻ കഴിയും എന്ന് ചിലരെങ്കിലും ചോദിച്ചേക്കാം. അറിയപ്പെടുന്ന ഒരു പ്രസ്ഥാനത്തിന്റെ നേതാക്കൻമാർ എന്ന നിലക്ക് പലതും ചെയ്യാൻ അവർക്ക് കഴിയും. കേരള മുഖ്യമന്ത്രിയെ കണ്ട് കേന്ദ്രത്തിൽ സ്വാധീനം ചെലുത്താൻ കഴിയും. മനുഷ്യാവകാശ സംഘടനകളുമായി ബന്ധപ്പെട്ട് പ്രശ്നം ഭരണാധികാരികളുടെ ശ്രദ്ധയിൽ പെടുത്താൻ കഴിയും. ദേശീയ ന്യൂനപക്ഷ കമ്മീഷനെ വിവരം അറിയിക്കാനും ശാരോൻ നേതാക്കൻമാർക്ക് ബുദ്ധിമുട്ടുണ്ടാകില്ല.

എന്തുകൊണ്ട് ശാരോൻ നേതാക്കൻമാർ ഇതൊന്നും ചെയ്യുന്നില്ല? പറയാം. ആരുടെ തല പോയാലും വേണ്ടില്ല, തങ്ങൾക്ക് ഒന്നും സംഭവിക്കരുത് എന്നാണ് അവരുടെ ആഗ്രഹം. ശാരോൻ നേതാക്കൻമാർ പ്രശ്നത്തിൽ ഇടപെട്ടാൽ അഡ്വ.എം.ജി.മാത്യു ശാരോനിലെ അംഗമാണെന്ന വസ്തുത പുറത്തറിയും. എം.ജി. മാത്യുവിനെ പിടിക്കാൻ നടക്കുന്നവരുടെ ശ്രദ്ധ ശാരോനിലേക്ക് തിരിയുകയും ചെയ്യും. അതുകൊണ്ട് എം.ജി.മാത്യുവിന്റെ തല പോയാലും വേണ്ടില്ല ശാരോൻ നേതാക്കൻമാർക്ക് തങ്ങളുടെ തല രക്ഷിക്കണം. അതാണ് നേതാക്കൻമാരുടെ മൗനത്തിന്റെ കാരണം.

നേതാക്കൻമാർ ആരെങ്കിലും കേസ്സിൽ കുടുങ്ങിയിരുന്നെങ്കിൽ ഈ ആത്മീയ ശവങ്ങൾക്ക് ഇളക്കമുണ്ടാകുമായിരുന്നു. അങ്ങനെയൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. അതാണ് ഈ നിസ്സംഗതയുടെ കാരണം. (നേതാക്കൻമാർ കേസ്സിൽ പെട്ടാൽ മാത്രമേ ശാരോന് ഇളക്കമുണ്ടാകൂ എന്നാണെങ്കിൽ അതിനുള്ള വഴി ഡിഫെൻഡർ നോക്കും.)

## ടി.ജെ.ശമുവേൽ തട്ടിപ്പ് തുടരുന്നു

എളിമയുടെ പ്രതീകമായ ടി.ജെ.ശമുവേൽ തട്ടിപ്പിന്റെ കാര്യത്തിൽ ധാരാളിയാണെന്ന് അടുത്ത കാലത്തുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു. പാട്ടുപുസ്തകം അടിച്ച വകയിൽ ഈ മാന്യൻ മൂന്നുലക്ഷം രൂപയാണ് തട്ടിയെടുത്തത്.

അസംബ്ലീസ് ഓഫ് ഗോഡിനുവേണ്ടി 5000 പാട്ടുപുസ്തകം അടിക്കാൻ ഇയാൾ ഓർഡർ കൊടുത്തു. ഏതാനും ആഴ്ചകൾ കഴിഞ്ഞ് റ്റി.ജെയുടെ ഓഫീസിൽ നിന്ന് ഒരാൾ വിളിച്ചുപറഞ്ഞ് എണ്ണം 7000 ആക്കി. പുസ്തകം തയ്യാറായപ്പോൾ ഇയാൾ 5000 മാത്രമേ സ്വീകരിക്കൂ എന്നായി. ഓഫീസിൽ നിന്നു വിളിച്ചു പറഞ്ഞതിന് ഈ വിദ്വാൻ ഉത്തരവാദിയല്ലത്രേ. പെന്തക്കോസ്തുകാർ ഇങ്ങനെ ചതിക്കുമെന്ന് പ്രസ്സുകാർ സ്വപ്നം പോലും കണ്ടിരുന്നില്ല. മറ്റൊരു പോംവഴിയും ഇല്ലാതായപ്പോൾ 5000 പുസ്തകത്തിന്റെ പണം തന്നാൽ മതിയെന്നും ബാക്കിയുള്ള 2000 പുസ്തകം പ്രസ്സുകാർ തന്നെ വിറ്റ് പണം ഉണ്ടാക്കിക്കൊള്ളാമെന്നും സമ്മതിച്ചു. അങ്ങനെയാണ് 5000 പാട്ടുപുസ്തകം പുനലൂരിൽ എത്തിച്ചത്. 200 പുസ്തകം കുറവുണ്ടെന്നു പറഞ്ഞത് ടി.ജെ.ശമുവേൽ മറ്റൊരു തട്ടിപ്പ് നടത്താൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. (അതേപ്പറ്റി കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ).

പുസ്തകം കൊടുത്തിട്ട് രണ്ടു വർഷത്തിൽ അധികമായി. പക്ഷേ നാളിതുവരെ പണം കൊടുത്തിട്ടില്ല. യഥാർത്ഥത്തിൽ കൊടുക്കേണ്ടത് മൂന്നുലക്ഷം രൂപയാണ്. എന്നാൽ 2000 പുസ്തകത്തിന്റെ അച്ചടിക്കൂലി കുറച്ചാലും ഇനി ഒരുലക്ഷം രൂപകൂടി കൊടുക്കണം. അത് എങ്ങനെ കൊടുക്കാതിരിക്കാം എന്നാണ് എളിയ ചെകുത്താൻ ആലോചിക്കുന്നത്.

വളരെ ആലോചിച്ച് ഒരു വഴി കണ്ടുപിടിച്ചു. ഓഫീസിൽ നിന്നും വിളിച്ചുപറഞ്ഞ് അടിച്ച 2000 പുസ്തകം പ്രസ്സുകാർ വിൽക്കാൻ പാടില്ല. പിന്നെന്തുചെയ്യണമെന്ന് ടി.ജെ.ശമുവേൽ പറയുന്നുമില്ല. അതെങ്ങനെ ശരിയാകും – പ്രസ്സുകാർ ചോദിക്കുന്നു. അതിനുള്ള മറുപടി ടി.ജെ.ശമുവേൽ പറയുകയില്ല. പ്രസ്സുകാരെ എങ്ങനെയെങ്കിലും ബുദ്ധിമുട്ടിക്കുക, ഒടുവിൽ ഒരു ഒത്തുതീർപ്പിന് നിർബ്ബന്ധിക്കുക, അതായിരുന്നു അടവ്. 2000 പുസ്തകം പ്രസ്സുകാർക്ക് വിൽക്കാം. കൊടുക്കാനുള്ള ഒരുലക്ഷം വേണ്ടെന്ന് പ്രസ്സുകാർ പറയണം. ഇങ്ങനെയാണ് ഒത്തുതീർപ്പെങ്കിൽ ടി.ജെ.യുടെ പോക്കറ്റിൽ ഒരുലക്ഷം എത്തും. ഇതായിരുന്നു പദ്ധതി.

സാധാരണക്കാരായ പ്രസ്സുകാർ ഇത്തരം ഒരു ഒത്തുതീർപ്പിന് സമ്മതിച്ചുപോകും. പക്ഷേ അര നൂറ്റാണ്ടിൽ അധികമായി പ്രിന്റിംഗ് രംഗത്തുള്ള ഈ പ്രസ്സുകാർ ഇത്തരത്തിലുള്ള ഒട്ടേറെ തട്ടിപ്പുകാരെ കണ്ടിട്ടുണ്ട്. അതുകൊണ്ട് ടി.ജെ.ശുവേലിന്റെ പദ്ധതി നടപ്പിലായില്ല. രസകരമായ ആ കഥ അടുത്ത ലക്കത്തിൽ പറയാം.

ദി ഡിഫെൻഡർ
Vol. No.9 Issue No. 7 2006 April 1

# കോൺഗ്രസ്സ് ഇത്ര തരംതാഴരുതായിരുന്നു

ഒരു നൂറ്റാണ്ടിൽ അധികം നീളുന്ന പാരമ്പര്യമുള്ള കോൺഗ്രസ്സിന്റെ ഇന്നത്തെ സ്ഥിതി പരമ ദയനീയമാണെന്ന് പറയാതെ വയ്യ. അവസരവാദ രാഷ്ട്രീയത്തിന്റെ പര്യായമായി മാറിയിരിക്കുന്നു കോൺഗ്രസ്സ്. അധികാരത്തിലെത്താൻ എത്രത്തോളം തരംതാഴാനും കോൺഗ്രസ്സ് തയ്യാർ.

കഴിഞ്ഞ മെയ് ഒന്നാംതീയതി നാഷണൽ കോൺഗ്രസ്സ് എന്ന പാർട്ടി ജൻമമെടുത്തതുമുതൽ എന്തൊക്കെയാണ് നടന്നതെന്ന് ഈ നാട്ടിലെ ജനം കണ്ടതാണ്. അഹമ്മദ് പട്ടേൽ അലുമിനിയം പട്ടേലായി. സോണിയാഗാന്ധി വെറും മദാമ്മയും കോൺഗ്രസ്സ് ശവപ്പറമ്പും ആയി. കോൺഗ്രസ്സിന്റെ ചിഹ്നമായ കൈപ്പത്തി അഴിമതിയുടെ പ്രതീകമായിരുന്നു കഴിഞ്ഞയാഴ്ച വരെ. അവശിഷ്ട യു.ഡി.എഫിനേയും ഉമ്മൻ കോൺഗ്രസ്സിനേയും തോല്പിക്കുക എന്നതായിരുന്നു ഡി.ഐ.സിയുടെ അവതാരോദ്ദേശ്യം. ഇതൊക്കെ ലീഡറും മുരളിയും പ്രഖ്യാപിക്കുമ്പോൾ പാവം അനുയായികൾ എഴുന്നേറ്റുനിന്ന് കൈയ്യടിച്ചിരുന്നു. പക്ഷേ ഒരു രാത്രികൊണ്ട് എല്ലാം തലകീഴ്മറിഞ്ഞു. ലീഡറും കൂട്ടരും ശവപ്പറമ്പ് ശരണമാക്കി. അഴിമതിയുടെ ചോരയൊലിക്കുന്ന കൈപ്പത്തിയിൽ ചുംബിച്ചു. എന്തിന്? ഉത്തരം ലളിതം: കെട്ടിവെച്ച കാശെങ്കിലും തിരിച്ചു കിട്ടാൻ ഇതേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ.

ഈ പറഞ്ഞതൊക്കെ ഡി.ഐ.സിയുടെ കാര്യം. പക്ഷേ കോൺഗ്രസ്സിന്റെ സ്ഥിതി അത്ര ദയനീയമായിരുന്നില്ല. ആദർശത്തിന് വില കൊടുത്തിരുന്നെങ്കിൽ നിഷ്പക്ഷ വോട്ടുകളെങ്കിലും കിട്ടുമായിരുന്നു. പക്ഷേ ഡി.ഐ.സിയുമായി അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കിയതോടെ കോൺഗ്രസ്സ് അതിന്റെ വിശ്വാസ്യത കളഞ്ഞുകുളിച്ചു. ഒരു വർഷത്തിലധികംകാലം കോൺഗ്രസ്സിനെ പുലഭ്യം പറഞ്ഞു നടന്നവരെ ഒരുളുപ്പും കൂടാതെ കോൺഗ്രസ്സ് നേതാക്കൻമാർ ആശ്ലേഷിക്കുന്നതു കണ്ട് സുബോധമുള്ളവരൊക്കെ നാണിച്ചു തലതാഴ്ത്തി.

എങ്ങനെയെങ്കിലും ഭരണം നിലനിർത്താനുള്ള തത്രപ്പാടിലാണ് യു.ഡി.എഫ്. അത് ഇത്തവണ നടപ്പില്ലെന്ന് ഏവർക്കും അറിയാം. ഡി.ഐ.സി. എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നവരാണ് യു.ഡി.എഫിനെ ഈ സ്ഥിതിയിൽ എത്തിച്ചത്. എന്നിട്ടും അവരെ ഉപേക്ഷിക്കാൻ യു.ഡി.എഫ്. തയ്യാറല്ല. ഡി.ഐ.സിയുമായി സഖ്യമുണ്ടാക്കിയാൽ ജയിക്കാൻ കഴിയുമെന്ന് ഇവർ കണക്കുകൂട്ടുന്നു. ചിലർ കണ്ടുപഠിക്കും. മറ്റു ചിലർ കൊണ്ടുപഠിക്കും. പക്ഷേ യു.ഡി. എഫ്. കണ്ടാലും കൊണ്ടാലും പഠിക്കില്ല. നാണം എന്ന വാക്കിന്റെ അർത്ഥം ഇവർ ഡിക്ഷ്ണറിയിൽ നോക്കിയെങ്കിലും പഠിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

# സത്യം സത്യമായി

സോണിയാഗാന്ധി നെഹ്റു കുടുംബത്തിലെ അംഗമാണോ അല്ലയോ? ചോദ്യം നിസ്സാരമല്ല. കാരണം, കേരളത്തിന്റെ ഭാവി തൂങ്ങി നിന്നത് ഈ ചോദ്യത്തിലാണ്. അല്ല എന്നാണ് ഉത്തരമെങ്കിൽ കേരളം അധോഗതിയിലായതുതന്നെ. പക്ഷേ ലീഡർ കേരളത്തെ രക്ഷിച്ചു. സോണിയ നെഹ്റു കുടുംബത്തിലെ അംഗമാണെന്ന് ലീഡർ അംഗീകരിച്ചു. അതോടെ കേരളം രക്ഷപ്പെട്ടു.

സോണിയ മദാമ്മയല്ലേ എന്ന് ആരെങ്കിലും സംശയിച്ചേക്കാം. ശരിയാണ്. സോണിയ മദാമ്മയാണെന്ന് ലീഡർ പണ്ടേ പറഞ്ഞിട്ടുള്ളതാണ്. അത് സത്യവുമാണ്. ഇംഗ്ലണ്ടിൽ ജനിച്ചവർ മാത്രമല്ല ഇറ്റലിയിൽ ജനിച്ചവരേയും സായിപ്പെന്നും മദാമ്മയെന്നും വിളിക്കാം. പക്ഷേ സോണിയ നെഹ്റുവിന്റെ കൊച്ചുമകനായ രാജീവിന്റെ ഭാര്യയാണ്. അതുകൊണ്ട് നെഹ്റു കുടുംബത്തിലെ അംഗവുമാണ്. ഈ വസ്തുത ലീഡർ അംഗീകരിച്ചതോടെ ഡി.ഐ.സിയും കോൺഗ്രസ്സുമായുണ്ടായിരുന്ന പ്രശ്നമെല്ലാം തീർന്നു. തെരഞ്ഞെടുപ്പു കഴിഞ്ഞ്, തോറ്റ് തൊപ്പിയിട്ടശേഷം, ലീഡർ സോണിയയെ ഒരുവട്ടം സന്ദർശിക്കും. അതോടെ ഡി.ഐ.സി. കോൺഗ്രസ്സിൽ ലയിക്കും. അതു കഴിഞ്ഞ് വീണ്ടും തൊഴുത്തിൽക്കുത്ത് ആരംഭിക്കാം.

സി.പി.ഐക്ക് അഭിമാനിക്കാൻ വകയുണ്ട്. കാരണം, ഡി.ഐ.സി. കോൺഗ്രസ്സിലേക്ക് മടങ്ങിപ്പോകുമെന്ന് സി.പി.ഐ. മുൻകൂട്ടി പ്രവചിച്ചിരുന്നു. അത് അക്ഷരംപ്രതി ശരിയായി. സി.പി.ഐയുടെ സമയോചിതമായ ഇടപെടൽ കൊണ്ട് ഇടതുപക്ഷത്തെ കബളിപ്പിക്കാൻ കഴിഞ്ഞില്ല എന്നു മാത്രം.

ഡി.ഐ.സിയുടെ ഇടതുമുന്നണി പ്രവേശനത്തെ സി.പി.ഐ. എതിർത്തിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു സ്ഥിതി. ഡി.ഐ.സി. പത്ത് സീറ്റിലെങ്കിലും ജയിക്കുമായിരുന്നു. ഇടതുമുന്നണിക്കുണ്ടാകുന്ന വിജയത്തിന്റെയും യു.ഡി.എഫിന്റെ പരാജയത്തിന്റെയും ക്രെഡിറ്റ് ലീഡർക്ക് ലഭിക്കയും അതുവഴി ലീഡറുടെ വാല്യൂ പതിൻമടങ്ങ് വർദ്ധിക്കയും ചെയ്യുമായിരുന്നു. ഒടുവിൽ ലീഡർ അതിശക്തനായി, അപ്രമാദിത്വമുള്ളവനായി, കോൺഗ്രസ്സിൽ മടങ്ങിയെത്തുമായിരുന്നു. ചുരുക്കത്തിൽ, ഇടതുപക്ഷത്തിന്റെ സഹായത്തോടെ ലീഡർ കോൺഗ്രസ്സിലെ കിരീടം വെയ്ക്കാത്ത രാജാവാകുമായിരുന്നു. ഇതൊക്കെ തടയാൻ സി.പി.ഐയ്ക്ക് കഴിഞ്ഞിരിക്കുന്നു.

എന്നാലും എന്റെ ലീഡറേ, ഇത് അല്പം കടന്നുപോയില്ലേ? ലീഡറുടെ വാക്കും പഴയ ചാക്കും ഒന്നുപോലെയാണെന്ന് പലവട്ടം തെളിഞ്ഞതാണ്. എന്നാലും ഇതുപോലൊരു മലക്കംമറിച്ചിൽ ഈ ഭൂമിമലയാളത്തിൽ ആരും പ്രതീക്ഷിച്ചിരുന്നതല്ല. പൊതുജനം കഴുതയാണെന്ന വസ്തുത ലീഡറേപ്പോലെ മനസ്സിലാക്കിയിട്ടുള്ളവർ ആരുമില്ല. അതുകൊണ്ടല്ലേ ഇത്ര ധൈര്യമായി വാക്കുകൾ മാറുന്നതും മറിക്കുന്നതും തിരിക്കുന്നതും. എന്നാലും പറയട്ടെ, ഇത്തവണ അല്പം കടന്നുപോയി. അത് തെരഞ്ഞെടുപ്പുഫലം വരുമ്പോൾ മനസ്സിലാകും.

അടുത്തതവണ ഡി.ഐ.സിക്ക് എത്ര എം.എൽ.എ.മാരുണ്ടാകും? ഇപ്പോഴുള്ളതിന്റെ ഇരട്ടിയിൽ കുറയില്ല എന്ന് ലീഡർ പണ്ടേ പറഞ്ഞിട്ടുണ്ട്. മാത്രമല്ല ലീഡറുടെ പോലീസാകും അടുത്ത അഞ്ചു കൊല്ലം കേരളം ഭരിക്കുകയെന്നും ലീഡർ വ്യക്തമാക്കിയിട്ടുണ്ട്. രാജിവെച്ച ഒൻപതും നിലവിലുള്ള രണ്ടും ചേർത്ത് 11 എം.എൽ.എമാർ നിലവിലുണ്ട്. ഇരട്ടിയെന്നാൽ 22. കുറഞ്ഞത് 22 എം.എൽ.എമാർ വേണമെന്ന് ചുരുക്കം. ഇപ്പോൾ മത്സരിക്കുന്നത് 18 സീറ്റിൽ മാത്രം. എല്ലാവരും ജയിച്ചാലും 22 തികയാൻ നാലുപേരെ എവിടെനിന്നെങ്കിലും കാലുമാറ്റി കൊണ്ടുവരണം. യു.ഡി.എഫ്. അധികാരത്തിൽ എത്തിയില്ലെങ്കിൽ പോലീസ് ഭരണവും മേല്പടിതന്നെ.

പടവലങ്ങ പോലുള്ള വളർച്ച എന്ന് പല പാർട്ടികളേക്കുറിച്ചും പറയാറുണ്ടെങ്കിലും അത് അന്വർത്ഥമായിരിക്കുന്നത് ലീഡറുടെ പാർട്ടിയുടെ കാര്യത്തിലാണ്. മുപ്പതിൽ അധികം എംഎൽ.എമാരുടെ പിൻതുണയോടെ ആരംഭിച്ചു. അത് ചുരുങ്ങിച്ചുരുങ്ങി എട്ടായി. ഈ തെരഞ്ഞെടുപ്പു കഴിയുമ്പോൾ രണ്ടെങ്കിലുമുണ്ടെങ്കിൽ ഭാഗ്യം.

എക്സ്പ്രസ്സ് ഹൈവേയോട് വിരോധമില്ല എന്ന് ഇടതുപക്ഷത്തിന്റെ പ്രകടനപത്രിക കണ്ടു. അസ്സലായിരിക്കുന്നു എന്നല്ലാതെ എന്തു പറയാൻ. ഇക്കണ്ടകാലമത്രയും എക്സ്പ്രസ്സ് ഹൈവേയ്ക്കെതിരെ സന്ധിയില്ലാസമരം നടത്തിയതെന്തിനായിരുന്നു എന്ന് മനസ്സിലാകുന്നില്ല. പണ്ട് കമ്പ്യൂട്ടർ വത്ക്കരണത്തിനെതിരെ ഘോരഘോരം സമരം ചെയ്തു. ഇപ്പോൾ ആ കാര്യം മിണ്ടുന്നതേയില്ല. പ്രീഡിഗ്രീ ബോർഡിനെതിരെ സമരം ചെയ്തു. പ്ലസ്ടൂ വന്നപ്പോൾ മിണ്ടിയില്ല. യു.ഡി.എഫ്. ചെയ്യുന്നതെല്ലാം മഹാപാപം. അത് എൽ.ഡി.എഫ്. ചെയ്യുമ്പോൾ പുണ്യം.

വല്ല്യേട്ടൻ ആള് മോശമല്ല. കുഞ്ഞനിയൻമാരുടെ കഞ്ഞിയിൽ നിർദ്ദയം മണ്ണ് വാരിയിട്ടിരിക്കുന്നു. എത്ര കിട്ടിയിട്ടും വല്ല്യേട്ടന് തികയുന്നില്ല. ഏട്ടന്റെ വയറ് നിറഞ്ഞുകഴിഞ്ഞപ്പോൾ അവശേഷിച്ചത് ഒന്നും ഒരുമുറിയും മാത്രം. കുഞ്ഞനിയൻമാർ പിണങ്ങിയാൽ അതും ഇല്ലാതാകും. അതുകൊണ്ട് ആ പാവങ്ങൾ ഒരക്ഷരം മറുത്തു പറഞ്ഞില്ല. ഭരണം കൈയ്യിൽ കിട്ടിക്കഴിഞ്ഞാലും ഇതൊക്കെത്തന്നെയാകും സ്ഥിതി. ആർക്കും വേണ്ടാത്ത വകുപ്പുകൾ കൊണ്ട് അനുജൻമാർ തൃപ്തിപ്പെടേണ്ടിവരും.

അച്യുതാനന്ദൻ ആദിത്യനെ പൂജിച്ചാൽ മുഖ്യമന്ത്രിയാകാമത്രേ. പറയുന്നത് പറവൂർ കുന്നത്തൂരില്ലത്ത് വിഷ്ണുനമ്പൂതിരി എന്ന ജ്യോതിഷപണ്ഡിതനാണ്. (കേരള മിഡ്ഡേ ടൈംസ്, മാർച്ച് 25, പേജ് –3). പ്രവചനം ഇപ്പടി: ''വി.എസ്.അച്യുതാനന്ദൻ തുലാം മാസത്തിൽ ജനിക്കയാൽ ജ്യോതിഷവിധിപ്രകാരം ആദിത്യനെ പ്രീതിപ്പെടുത്തിയാൽ മുഖ്യമന്ത്രിയാകാൻ സാദ്ധ്യതയുണ്ട്.''

പ്രവചനം അസ്സലായിരിക്കുന്നു എന്ന് പറയാതെ വയ്യ. വി.എസ്സ്. മുഖ്യമന്ത്രിയായാൽ പ്രവചനം ഫലിച്ചു. പ്രവാചകന് അഭിമാനിക്കാം. വി.എസ്. മുഖ്യമന്ത്രി ആയില്ലെങ്കിലും പ്രശ്നമില്ല. കാരണം, സാദ്ധ്യതയുണ്ട് എന്നല്ലേ പറഞ്ഞുള്ളൂ. മാത്രമല്ല, ജ്യോതിഷവിധിപ്രകാരം ആദിത്യനെ പ്രീതിപ്പെടുത്തണമെന്നും പറഞ്ഞിരുന്നല്ലോ. കമ്യൂണിസ്റ്റുകാരനായ വി.എസ്. ജ്യോതിഷവിധിപ്രകാരം ആദിത്യനെ പ്രീതിപ്പെടുത്താൻ മിനക്കെട്ടില്ലെന്നും അതുകൊണ്ട് പ്രവചനം ശരിയായിരുന്നെന്നും വാദിക്കാം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# ചാനൽ വിശേഷങ്ങൾ

കെ.സി.ജോണിന്റെ ചാനൽ തൃക്കൺ പാർക്കാനുള്ള ഗതികേട് ഈയിടെ റ്റി.എസ്.ബാലനെന്ന ഈയുള്ളവനുണ്ടായി. എറണാകുളം ജില്ലയിൽ ചവർ ഇതുവരെ എത്തിയിട്ടില്ലാത്തതിനാൽ തിരുവല്ലയിൽ നിന്നും 30 കിലോമീറ്റർ അകലെയുള്ള ഒരിടത്താണ് ഈ ചാനൽ കണ്ടത്.

ഒരു സ്നേഹിതന്റെ വീട്ടിൽ ഈയുള്ളവൻ എത്തിയപ്പോഴാണ് അവിടെ ചവർ ചാനൽ ഉണ്ടെന്ന് അറിഞ്ഞത്. തീയതി മാർച്ച് 29. സമയം ഉച്ച കഴിഞ്ഞ് ഒരുമണി. ടി.വി. ഓൺ ചെയ്തു. ഒരു ആൽബമാണ് സംഭവം. ചാനൽ തുടങ്ങിയ ദിവസം മുതൽ ഇത് കാണുന്നു. എഴുനൂറാമത്തെയോ എണ്ണൂറാമത്തെയോ തവണയാണ് ഇത് കാണിക്കുന്നത്. ഉറക്കം തൂങ്ങിയ മട്ടിൽ ഒരു പെണ്ണ് പാടുന്നു. എന്താണ് പാടുന്നതെന്ന് വ്യക്തമല്ല. പെണ്ണിന്റെ വേഷം കൊള്ളാം. ഫാഷൻ പരേഡിന് പോയിട്ടു വരുന്ന വഴിയാണെന്നു തോന്നുന്നു. കാതിലും കഴുത്തിലും കൈയ്യിലും ഒക്കെ നിറയെ ആഭരണങ്ങൾ. (ആഭരണം ഇടുന്നത് പാപമോ പുണ്യമോ എന്നത് വേറെ വിഷയം).

ഏതാനും മിനിട്ടു കഴിഞ്ഞപ്പോൾ മറ്റൊരുപെണ്ണ് പാട്ടു പാടാൻ തുടങ്ങി. വേഷം മേല്പടി തന്നെ. പാട്ടെന്നോ നിലവിളിയെന്നോ വിളിക്കാവുന്ന ശബ്ദമാണ് കേൾക്കുന്നത്. ഇടയ്ക്കിടയ്ക്ക് ഒരു കത്തോലിക്കാ പള്ളി മിന്നി മറയുന്നുണ്ട്. കോന്തയും കുരിശും ഒക്കെ പലവട്ടം കണ്ടു. ഇങ്ങനെ അര മണിക്കൂർ.

ഒന്നര ആയപ്പോൾ ആൽബം അടച്ചു. അടുത്തതായി ഉദ്ഘാടനസമ്മേളനത്തിന്റെ ദൃശ്യങ്ങളാണ് പ്രദർശിപ്പിച്ചത്. ആവർത്തനം 851-ാം അദ്ധ്യായമായിരുന്നു അതെന്ന് പിന്നീടറിഞ്ഞു. വേഷം കൊണ്ട് മുക്കാൽ അച്ചൻ എന്നു പറയാവുന്ന ചിലരാണ് പാട്ടുകാർ. അവരിൽ ചിലർക്കുമുണ്ട് ആഭരണവും മറ്റും. കത്തോലിക്കരുടെ തിരുമേനിയും മാർ തോമ്മായുടെ വല്യ തിരുമേനിയും ഒക്കെയുണ്ട്. ഒരു മണിക്കൂർ സമയം ഇതു കണ്ടപ്പോഴേക്കും മടുത്തു.

എല്ലാ സമുദായക്കാരും ദുരുപദേശക്കാരാണെന്നും പെന്തക്കോസ്ത് ഉപദേശം മാത്രമാണ് സത്യോപദേശമെന്നും പെന്തക്കോസ്തുകാർ വിശ്വസിക്കുന്നു. ഇങ്ങനെ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്ന പ്രസ്ഥാനമാണ് ഐ.പി.സി. ഇതിന്റെ നേതാക്കൻമാരിൽ ഒരാളാണ് കെ.സി.ജോൺ. സമുദായക്കാരായ നിരവധി ആളുകളെ കെ.സി. ജോൺ സ്നാനപ്പെടുത്തി പെന്തക്കോസ്തിൽ ചേർത്തിട്ടുണ്ട്. എല്ലാ ക്രൈസ്തവ സമുദായങ്ങളും സത്യോപദേശമാണ് പഠിപ്പിക്കുന്നതെങ്കിൽ കെ.സി.ജോൺ എന്തിന് സമുദായക്കാരെ അടർത്തിയെടുത്ത് പെന്തക്കോസ്ത് ഉണ്ടാക്കി? സമുദായങ്ങൾ പഠിപ്പിക്കുന്നത് സുവിശേഷമാണെങ്കിൽ പെന്തക്കോസ്ത് ഉപദേശത്തിന്റെ പ്രസക്തിയെന്ത്?

കത്തോലിക്കാസഭയാണ് മഹതിയാം ബാബിലോൺ എന്ന് കെ.ഇ.ഏബ്രഹാം പറഞ്ഞു. അവരുമായി ഒരു കൂട്ടായ്മയും അരുതെന്നും വിലക്കി. പക്ഷേ സുവിശേഷ പ്രചരണത്തിനെന്നു പറഞ്ഞ് കെ.സി.ജോൺ നടത്തുന്ന ചാനലിൽ ബിഷപ്പും പള്ളിയും കൊന്തയും വിഗ്രഹവും വിലസുന്നു.

വിശ്വാസികൾ ആഭരണം ധരിക്കാൻ പാടില്ല എന്നാണ് കേരളത്തിലെ പെന്തക്കോസ്ത് സഭകൾ പഠിപ്പിക്കുന്നത്. കെ.സി. ജോൺ അംഗമായിരിക്കുന്ന ഐ.പി.സിയുടെ നിലപാടും ഇതു തന്നെ. ആഭരണ പ്രശ്നത്തിൽ എത്രയോ സഹോദരിമാർ നിന്ദയും പീഡയും സഹിച്ചുകഴിഞ്ഞു. ഇപ്പോഴിതാ കെ.സി.ജോണിന്റെ ചാനലിൽ എടുത്താൽ പൊങ്ങാത്തത്ര ആഭരണവുമായി നിന്ന് പെണ്ണുങ്ങൾ ആത്മീയ ഗാനങ്ങൾ ആലപിക്കുന്നു. ഈ പാട്ടുകാർ രക്ഷിക്കപ്പെട്ടവരാണോ? അല്ലെങ്കിൽ ഇവരുടെ പാട്ടുകേട്ടു വേണോ ദൈവമക്കൾ ആത്മാവിൽ നിറയുവാൻ.

സത്യം സത്യമായി പറഞ്ഞാൽ കെ.സി.ജോൺ സാത്താന്റെ പിടിയിലാണ്. ദൈവമക്കളെ ദുരുപദേശക്കുരുക്കിൽ അകപ്പെടുത്താൻ സാത്താൻ ഒരുക്കിയ ഒരു കെണിയാണ് കെ.സി.ജോണിന്റെ ചാനൽ.

ദൈവസഭയുടെ പ്രധാന ഉപദേശങ്ങളിൽ ഒന്നാണ് വേർപാട് എന്നത്. രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും തമ്മിലുള്ള വേർപാടാണിത്. ദൈവമക്കൾക്ക് അവിശ്വാസികളുമായി ഒരു ആത്മീയ ബന്ധവും ഉണ്ടാകാൻ പാടില്ല. ഇത് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ ഉപദേശമല്ല, ഐ.പി.സിയുടെ ഭരണഘടനയിൽ എഴുതി വെച്ചിരിക്കുന്ന കാര്യമാണ്. അങ്ങനെയെങ്കിൽ തിരുമേനിമാരുമായി കെ. ജോണിനുള്ള ബന്ധം ഏതു വിധത്തിലുള്ളതാണെന്ന് വ്യക്തമാക്കണം. അവരെ രക്ഷിക്കപ്പെട്ടവരുടെ ഗണത്തിലാണോ കെ.സി.ജോൺ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് പറയണം.

ചവർ ചാനലിൽ അച്ചൻമാരും പ്രസംഗിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു. സമുദായത്തിലെ അച്ചൻമാർ പ്രസംഗിക്കുന്നത് സുവിശേഷമാണെങ്കിൽ, അത് രക്ഷയ്ക്ക് മതിയായതാണെങ്കിൽ പെന്തക്കോസ്ത് സഭകൾ പിരിച്ചു വിടണം. സമുദായക്കാരെ സ്നാനപ്പെടുത്തി പെന്തക്കോസ്തുണ്ടാക്കിയതിന് കെ.സി.ജോൺ ക്ഷമ പറയണം.

പ്രിയ ദൈവമക്കളേ, സൂക്ഷിക്കുക. കെ.സി.ജോണിന്റെ ചാനൽ സാത്താന്റെ വകയാണ്. ദൈവമക്കളെ ദുരുപദേശക്കുരുക്കിൽ അകപ്പെടുത്താൻ സാത്താൻ കെ.സി.ജോണിനേയും കൂട്ടരേയും കൈയ്യിലെടുത്തിരിക്കയാണ്. ഈ ചതി നിങ്ങൾ തിരിച്ചറിയാതെ പോകരുത്. ഈ ചാനൽ എത്രയും വേഗം പൂട്ടാൻ ദൈവമക്കൾ പ്രാർത്ഥിക്കണം.

# ദേവിനെതിരെ ധർമ്മദീപ്തി

ചക്കരയും ഈച്ചയും പോലെ എന്നു പറഞ്ഞ വിധത്തിലുള്ള ബന്ധമായിരുന്നു തിരുവട്ടാർ കൃഷ്ണൻകുട്ടിയും ജെ.സി.ദേവും തമ്മിൽ. പ്രജാപതിയെന്ന അന്യദൈവത്തെ ക്രിസ്തുവാക്കാനാണ് ഇവർ തമ്മിൽ സ്നേഹിച്ചത്. പക്ഷേ ഇപ്പോൾ പ്രജാപതിയെ കാണാനില്ല. അതുകൊണ്ട് പണ്ടുള്ളത്ര ബന്ധവുമില്ല. മാത്രമല്ല ഈയിടെ ഈ ബന്ധം കൂടുതൽ വഷളാകുവാനും ഇടയായി.

തലയും വാലും സാഹചര്യമനുസരിച്ച് കാണിക്കുക എന്നത് ദേവിന്റെ സ്വഭാവമാണല്ലോ. അടുത്ത കാലത്ത് ജെ.സി.ദേവ് ഉണർവ്വുകളേക്കുറിച്ച് ഒരു ലേഖനം ഗുഡ്ന്യൂസിൽ എഴുതി. പെന്തക്കോസ്ത് പത്രത്തിൽ എഴുതുമ്പോൾ പെന്തക്കോസ്തുകാർക്ക് ഇഷ്ടപ്പെടുന്ന വിധത്തിൽ എഴുതണമല്ലോ. അങ്ങനെ, അന്യഭാഷയേയും പ്രവചനത്തേയും ഒക്കെ അനുകൂലിച്ചും ഇവയെ എതിർക്കുന്നവരെ പഴിച്ചും ദേവ് ലേഖനമെഴുതി. അതാണ് ഇപ്പോൾ പുലിവാലായിരിക്കുന്നത്.

ഈ ലേഖനം കണ്ട ഒരാൾ ധർമ്മദീപ്തിയിൽ ഈ പ്രശ്നം ഉന്നയിച്ചിരിക്കയാണ്. ദേവിന്റെ അഭിപ്രായങ്ങളേക്കുറിച്ച് ബ്രദറുകാർ പ്രതികരിക്കണം എന്നാണ് ആവശ്യം. എഴുതിയത് തെറ്റിപ്പോയി എന്നു പറയാൻ പറ്റുമോ? എല്ലാം ശരിയാണെന്നു പറയാനും പറ്റില്ല. ഏതായാലും ദേവ് കുഴയുന്ന മട്ടുണ്ട്. ഡിഫെൻഡർ ചോദ്യം ചോദിച്ചാൽ മിണ്ടാതിരുന്ന് തടിതപ്പാം. പക്ഷേ ധർമ്മദീപ്തിയിൽ വരുന്ന ചർച്ചയ്ക്ക് മറുപടി പറയാതെ ഒഴിഞ്ഞുമാറാനും പറ്റില്ല.

# കുഴിക്കാലയെ കാണാനില്ല ക്രൂസേഡ് കുഴപ്പത്തിലായി

കുഴിക്കാലയെ ഏതാനും ആഴ്ചകളായി കാണാനില്ല. കുഴിക്കാലയെ വിശ്വസിച്ച് ക്രൂസേഡ് പ്ലാൻ ചെയ്തവരാണ് കഷ്ടത്തിലായിരിക്കുന്നത്.

ഹൈറേഞ്ചിനെ ഇളക്കുന്ന ഒരു ക്രൂസേഡ് കുമളിയിൽ നടത്താനായിരുന്നു സണ്ണി ഇളഞ്ഞിമറ്റവും കൂട്ടരും പദ്ധതിയിട്ടിരുന്നത്. ശതാബ്ദി സമ്മേളത്തിൽ അഗ്നിയിറക്കിയ വെഷപ്പിനെ കുഴിക്കാല കൊണ്ടുവരാമെന്നേറ്റു. കുഴിക്കാല പാട്ട് പാടിക്കൊടുക്കുകയും ചെയ്യും. സംഗതി കൊള്ളാം എന്ന് സണ്ണി ഇലഞ്ഞിമറ്റത്തിനു തോന്നി. വല്ലവന്റേം ചെലവിൽ ആളാകുന്നത് തൊഴിലാക്കിയ വിദ്വാനാണ് സണ്ണി ഇലഞ്ഞിമറ്റം. സ്വന്തം നാട്ടിൽ ആളാകാനുള്ള ഈ കനകാവസരം പരമാവധി പ്രയോജനപ്പെടുത്താൻ സണ്ണി തീരുമാനിച്ചു.

ആളുകൂടിയില്ലെങ്കിൽ ക്രൂസേഡ് ചീറ്റും. ആളുകൂട്ടാനുള്ള എളുപ്പമാർഗ്ഗം പാസ്റ്റർമാരെ ആളുകളിപ്പിക്കയാണ്. അതിനായി മീറ്റിംഗ് വിളിച്ചുകൂട്ടി. എല്ലാ പാസ്റ്റർമാരേയും പ്രധാനപ്പെട്ട വിശ്വാസികളേയും കമ്മറ്റികളിൽ എടുത്തു. നമ്മുടെ മീറ്റിംഗ് എന്ന് ഏവർക്കും തോന്നിയാൽ കാര്യം എളുപ്പമായി. അങ്ങനെ എല്ലാവരും കൺവീനറും കമ്മറ്റിയംഗവും ഒക്കെ ആയി ഞെളിഞ്ഞിരിക്കുന്നതിനിടയിലാണ് കേരള ശബ്ദം വെടി പൊട്ടിച്ചത്.

കുഴിക്കാലയുടെ തനിനിറം പുറത്തായതോടെ അദ്ദേഹം മുങ്ങി. ഇതുവരെ പൊങ്ങിയിട്ടില്ല. വെഷപ്പ് വരാതെ ക്രൂസേഡ് നടക്കില്ല. വെഷപ്പിനെ കൊണ്ടുവരാമെന്നേറ്റ കുഴിക്കാലയെ കാണാനുമില്ല. സണ്ണി എന്തുചെയ്യും. ഡിഫെൻഡർ പറയുന്നത് വിശ്വസിക്കരുതെന്നും ബിഷപ്പ് വരുമെന്നും സണ്ണി പറയുന്നുണ്ടെങ്കിലും ക്രൂസേഡിന്റെ ഒരുക്കങ്ങളെല്ലാം നിലച്ചിരിക്കയാണ്.





## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ബ്രാഹ്മണരക്തവും കുറെ വസ്തുതകളും

ആത്മകഥ എഴുതുന്നത് പാപമാണോ? അല്ലേ അല്ല. കഥയുള്ളവർക്ക് ആത്മകഥ എഴുതാം. മറ്റുള്ളവർക്ക് അത് വായിക്കയോ വായിക്കാതിരിക്കയോ ചെയ്യാം. ഇതൊന്നും തെറ്റായ കാര്യമല്ല. നിരവധി പെന്തക്കോസ്തുകാർ ആത്മകഥ എഴുതിയിട്ടുണ്ട്. അവയിൽ ചിലത് നിലവാരമുള്ളവയുമാണ്. അറുബോറായ ആത്മകഥകളും കണ്ടിട്ടുണ്ട്.

വീണ്ടുംജനനം പ്രാപിക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് അറിയാവുന്നവരാണ് പെന്തക്കോസ്തുകാർ. വീണ്ടുംജനനം പ്രാപിക്കാതെ ആർക്കും ദൈവരാജ്യം കാണാൻ കഴിയുകയില്ല എന്ന് കർത്താവായ യേശുക്രിസ്തു വ്യക്തമാക്കിയിട്ടുമുണ്ട്. ഒരുവൻ ക്രിസ്ത്യാനിയാകുന്നത് വീണ്ടുംജനനം പ്രാപിക്കുമ്പോഴാണ്. ജഡത്താൽ ജനിച്ചത് ജഡം മാത്രമാണ്. അതുകൊണ്ട് വിശ്വാസികൾ ഏതു കുടുംബത്തിൽ പിറന്നവരായാലും അത് അവരുടെ രക്ഷയ്ക്ക് കാരണമാകുന്നില്ല. വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും തോമ്മാശ്ലീഹാ വരെ എത്തുന്ന പാരമ്പര്യം പറയാതെ പെന്തക്കോസ്തുകാർക്ക് ആത്മകഥയോ ജീവചരിത്രമോ എഴുതാൻ പറ്റില്ല എന്നായിട്ടുണ്ട്.

ഏത് ആത്മകഥ/ജീവചരിത്രം എടുത്താലും ആദ്യത്തെ അദ്ധ്യായം വംശാവലിയാണ്. തോമ്മാശ്ലീഹാ മാമ്മോദീസ മുക്കിയ ഒരു ബ്രാഹണ കുടുംബത്തിലാണ് കഥാപുരുഷൻ ജനിച്ചത്. ഒന്നാം നൂറ്റാണ്ടു മുതൽ ഇന്നുവരെ ഈ കുടുംബക്കാരെല്ലാം സത്യക്രിസ്ത്യാനികളുമായിരുന്നു. പിന്നെന്തിനാണാവോ ഇദ്ദേഹം സമുദായം വിട്ട് പെന്തക്കോസ്തിൽ എത്തിയത്.

തോമ്മാശ്ലീഹാ കേരളത്തിൽ വന്നു എന്നത് വെറും ഐതിഹ്യം മാത്രമാണ്. അങ്ങനെയൊരു സംഭവം നടന്നതായി ഒരു ചരിത്രകാരനും പറഞ്ഞിട്ടില്ല. നാളിതുവരെ ഒരു തെളിവും കിട്ടിയിട്ടുമില്ല. അതുകൊണ്ട് തോമ്മാശ്ലീഹാ വന്ന കഥ(യില്ലായ്മ) പറഞ്ഞ് ഞെളിയുന്നത് വെറുതെയാണെന്ന് അറിയുക.

ഒന്നാം നൂറ്റാണ്ടിലെ കേരളത്തിൽ ബ്രാഹ്മണരുണ്ടായിരുന്നു എന്നു പറയുന്നതും വിവരക്കേടാണ്. എ.ഡി. ഏഴോ എട്ടോ നൂറ്റാണ്ടിലാണ് കേരളത്തിൽ ബ്രാഹ്മണരുണ്ടായത്. അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ ദൈവദാസൻമാർക്ക് ബ്രാഹ്മണരെ സ്നാനപ്പെടുത്താൻ പറ്റില്ല.

തോമ്മാശ്ലീഹാ മാമോദീസാ മുക്കിയവരുടെ ജാതി തിരിച്ചുള്ള പട്ടിക റമ്പാൻ പാട്ടിൽ പറയുന്നുണ്ട്:

നരജാതി സ്വഭാവത്തിനുമേലായ്
തന്നിൽ വിളങ്ങിന
സുകൃതത്താൽ നരരാത്മങ്ങൾ
പതിനേഴായിരത്തി
നാനൂറ്റൊൻപതു താൻ നേടി
ആറായിരമോടെണ്ണൂറ്റമ്പതു
ബ്രാഹ്മണജാതികളവരിൽ
ഇവരിൽ കുറവാമീരായിരമൊ-
ടഞ്ഞൂറ നവദശക്ഷത്രിയരും
അപ്പോൾ വൈശ്യർ
മൂവ്വായിരമോ ടെഴുനൂറ്റമ്പതു
ആളുകളും ഇപ്പോൾ
നാലായിരമോടിരുനുന്നൊന്നതു
ശൂദ്രജാതികളുംഈവിധമുള്ളൊരു
മേൽജാതികളെ മാർഗ്ഗത്തിൽ
താൻ കൈയ്ക്കൊണ്ടു.

ഈ പറഞ്ഞത് ചരിത്രസത്യമായി അംഗീകരിക്കാൻ ആവില്ല. കാരണം, ഇതിനൊന്നും തെളിവില്ല എന്നതുതന്നെ.

ഇനി ഇത് ശരിയായിരുന്നു എന്ന് ശഠിച്ചതുകൊണ്ടും ഫലമില്ല. കാരണം, തോമ്മാശ്ലീഹാ ബ്രാഹ്മണരെ മാമ്മോദീസാ മുക്കിയ കാര്യം മാത്രമല്ല ഇവിടെ പറയുന്നത്. മറ്റു ജാതിക്കാരേയും മാമ്മോദീസാ മുക്കി. അതുകൊണ്ട് തോമ്മാശ്ലീഹാ മുക്കിയവരുടെ കുടുംബത്തിലുള്ളവരെല്ലാം ബ്രാഹ്മണ പാരമ്പര്യമുള്ളവരാണെന്നു വരുന്നില്ല.

ഒന്നാം നൂറ്റാണ്ടിലെ കേരളത്തിൽ ബുദ്ധമതത്തിനായിരുന്നു പ്രാമുഖ്യം. ജൈനമതക്കാരും ഉണ്ടായിരുന്നു. ഹിന്ദുക്കൾ എന്ന് തീർത്തു പറയാൻ ആവാത്ത മതവിശ്വാസക്കാരും അക്കാലത്ത് കേരളത്തിൽ ജീവിച്ചിരുന്നു. സുവിശേഷം കേരളത്തിൽ പ്രചരിച്ചപ്പോൾ ഈ മതവിഭാഗങ്ങളിൽ പെട്ടവരെല്ലാം ക്രിസ്തുവിനെ സ്വീകരിച്ചു. അക്കാലത്ത് കേരളത്തിൽ ജാതിവ്യവസ്ഥ അത്ര കഠിനമല്ലാതിരുന്നതിനാൽ ക്രിസ്തുവിനെ സ്വീകരിച്ചവർ ഏതു ജാതിക്കാരാണെന്ന് തീർത്തു പറയാനുമാവില്ല. ഏതായാലും അവർ ബ്രാഹ്മണരല്ലായിരുന്നു എന്ന് തീർത്തു പറയാം. കാരണം അക്കാലത്ത് കേരളത്തിൽ ബ്രാഹ്മണർ ഇല്ലായിരുന്നു.

ബ്രാഹ്മണ പാരമ്പര്യത്തിന്റെ പൊങ്ങച്ചം പറഞ്ഞ് പെന്തക്കോസ്തുകാർ ഉൾപ്പെടെയുള്ള ക്രിസ്ത്യാനികൾ ഞെളിയുന്നതിന്റെ രഹസ്യമെന്ത്? പറയാം: ജാതി എന്നത് അടുത്ത കാലം വരെ ഒരുവന്റെ അന്തസ്സ് നിർണ്ണയിക്കുന്ന മുഖ്യ ഘടകമായിരുന്നു. ഇപ്പോഴും ഈ സ്ഥിതി ഒട്ടൊക്കെ നിലനിൽക്കുന്നുമുണ്ട്. ഏറ്റവും ഉയർന്ന ജാതിയായി പരിഗണിക്കപ്പെടുന്നത് ബ്രാഹ്മണരെയാണ്. പഴങ്കഥ പറയുമ്പോൾ ഏറ്റവും കൂടിയതുതന്നെ ഇരിക്കട്ടെ എന്ന് എല്ലാവരും കരുതുന്നു. മന:പായസത്തിൽ പഞ്ചസാര കുറയ്ക്കുന്നതെന്തിന്?

പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ചതുകൊണ്ട് രക്ഷ ഉറപ്പാണെന്ന് ധരിച്ചുവെച്ചിരിക്കുന്ന മണ്ടൻമാരോട് യോഹന്നാൻ സ്നാപകൻ പറഞ്ഞ മറുപടിയേ പറയാനുള്ളൂ: അബ്രാഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ടെന്ന് ഉള്ളംകൊണ്ട് പറയാൻ തുനിയരുത്. മാനസാന്തരപ്പെടുക. മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുക. ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലിട്ട് ചുട്ടുകളയും.

തോമ്മാശ്ലീഹാ മാമ്മോദീസ മുക്കിയ കുടുംബത്തിൽ പിറന്നതുകൊണ്ട് വിശേഷിച്ച് ഒരു ഗുണവും ഉണ്ടാകാനില്ല. വീണ്ടും ജനനം പ്രാപിച്ചില്ലെങ്കിൽ നിത്യ നരകത്തിൽ എത്തുകതന്നെ ചെയ്യും.

സമുദായക്കാർ പാരമ്പര്യം പറയുന്നത് മനസ്സിലാക്കാം. അവർക്ക് അതൊക്കെയല്ലേ പറയാനുള്ളൂ. പക്ഷേ വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ എന്തിന് ബ്രാഹ്മണ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നു? അന്യദൈവങ്ങളെ പൂജിക്കുക എന്നത് തൊഴിലാക്കിയിരുന്നവരുടെ കുടുംബത്തിൽ ജനിച്ചു എന്നതൊഴികെ എന്തു മേൻമയാണ് ഈ പാരമ്പര്യം പറച്ചിൽ കൊണ്ട് സിദ്ധിക്കുന്നത്?

ആത്മകഥ എഴുതിയിട്ടുള്ള പെന്തക്കോസ്തുകാരെല്ലാം സഭാനേതാക്കൻമാരോ മറ്റു വിധത്തിൽ ഉയർന്നവരോ ആണ്. പണക്കാരായതിന്റെ പേരിൽ മഹാൻമാരായവരുമുണ്ട്. ഇത്തരക്കാർക്കെല്ലാം തങ്ങൾ പണ്ടു മുതൽ ബഡാ പാർട്ടികളായിരുന്നു എന്ന് വരുത്തിത്തീർക്കേണ്ടത് ആവശ്യമാണ്. അതിനുള്ള ശ്രമമാണ് ഈ വംശാവലി വിവരണത്തിലൂടെ നടത്തുന്നത്. അതുകൊണ്ട് പറയട്ടെ: ഈ പരിപാടി അറു ബോറാണ്. പാരമ്പര്യത്തിന്റെ കിഴവിക്കഥ പറഞ്ഞ് മഹത്വം നേടാനുള്ള ശ്രമം ഇനിയെങ്കിലും നിർത്തുക.

# ഡിഫെൻഡർ മറുപടി പറയുന്നു

? പണ്ടുകാലത്ത് പെന്തക്കോസ്തുകാർ പരമ ദരിദ്രരായിരുന്നു. പക്ഷേ ഇന്ന് അതല്ല സ്ഥിതി. പെന്തക്കോസ്ത് നേതാക്കൻമാർ വലിയ പണക്കാരാണ്. ദൈവം കൊടുത്തതാണ് ഈ പണം എന്ന് അവർ പറയുന്നു. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത്.

■ ദൈവമക്കളെ പട്ടിണിക്കിട്ട് കഷ്ടപ്പെടുത്തി രസിക്കുന്നവനല്ല സർവ്വശക്തനായ ദൈവം. അതുകൊണ്ട് പണം ഉണ്ടാകുന്നതോ പണം ഉണ്ടാക്കുന്നതോ തെറ്റല്ല. പക്ഷേ ദ്രവ്യാഗ്രഹം പാപമാണ്. മാത്രമല്ല, നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ പണം ഉണ്ടാക്കുന്നതും അംഗീകരിക്കാൻ ആവില്ല.

ജോലി ചെയ്തോ ബിസിനസ്സ് നടത്തിയോ പണമുണ്ടാക്കുന്നത് തെറ്റല്ല. പക്ഷേ ദൈവവേലയ്ക്കു ലഭിക്കുന്ന പണം സ്വന്തം കീശയിലാക്കുന്നത് മോഷണമാണ്. അതിനെതിരെ പ്രതികരിക്കാതെ പറ്റില്ല.

ചാനലിന്റെ പേരുപറഞ്ഞ് കെ.സി.ജോൺ കോടികൾ പിരിച്ചു. 23 ലക്ഷം രൂപ കൈക്കൂലി കൊടുത്ത് മകന് എം.ബി.ബി.എസ്സിന് അഡ്മിഷൻ വാങ്ങി. ചാനൽ സാമ്പത്തിക ബുദ്ധിമുട്ടിലാണെങ്കിലും കെ.സി.ജോൺ കോടീശ്വരനായിക്കഴിഞ്ഞു.

ശാരോന്റെ സെക്രട്ടറിയായ ടി.പി.ഏബ്രഹാം പരമ ദരിദ്രനായിരുന്നെങ്കിലും ഇന്ന് അതല്ല സ്ഥിതി. സുവിശേഷവേലയുടെ പേരുപറഞ്ഞ് വിദേശത്തുനിന്നും സമ്പാദിച്ചു കൂട്ടിയത് എത്രകോടിയെന്ന് ടി.പി.ക്കുപോലും നിശ്ചയമുണ്ടാകില്ല. ടി.ജി.കോശി പണക്കാരനായതും സുവിശേഷവേലയ്ക്കു ലഭിച്ച പണംകൊണ്ടാണ്.

വിദേശപര്യടനത്തിനിടയിൽ പോക്കറ്റ് മണിയായി ലഭിച്ച പണം സഭയ്ക്ക് നൽകിയില്ല എന്ന അത്യുഗ്രൻ കുറ്റത്തിന് പാസ്റ്റർ കെ.സി.ചെറിയാനെ സഭയിൽ നിന്നും മഹറോൻ ചൊല്ലിയ കെ.ഇ.ഏബ്രഹാമിന്റെ പേരിലുള്ള സ്വകാര്യ സംഘടന ഓതറയിൽ സ്ഥലം വാങ്ങിയത് അഞ്ചു കോടിയോളം രൂപ വിലയായി കൊടുത്താണ്. ഭാരതസുവിശേഷീകരണത്തിനെന്ന പേരിൽ വിദേശത്തുനിന്നും പിരിച്ചെടുത്ത പണം ഉപയോഗിച്ചാണ് ഈ സ്വകാര്യ സംഘടനയുടെ പേരിൽ സ്ഥലം വാങ്ങിയത്. കെ.സി.ചെറിയാനെ പാപിയാക്കിയ കെ.ഇ.ഏബ്രഹാമിന്റെ പേരിലുള്ള സംഘടന തന്നെ ഇതു ചെയ്തത് ദൈവീക ന്യായവിധിയല്ലാതെ മറ്റെന്താണ്?

ഇരവിപേരൂർ വില്ലേജിൽ ഏകദേശം 35 ഏക്കർ സ്ഥലമാണ് വാങ്ങിയിട്ടുള്ളത്. സ്ഥലത്തിന്റെ വിലയായി 3,83,46,000 രൂപ മാത്രമാണ് കൊടുത്തതെന്നും അത് നിയമപ്രകാരം ഡ്രാഫ്റ്റായിട്ടാണ് കൊടുത്തതെന്നും ടി.എസ്.ഏ ബ്രഹാമും വൽസൻ ഏബ്രഹാമും പറയുന്നു. പക്ഷേ, അഞ്ചു കോടിയോളം രൂപ കൊടുത്തതായാണ് അനൗദ്യോഗിക കണക്ക്.

ടി.എസ്.ഏബ്രഹാമും മകനും പറയുന്നത് ശരിയാണെങ്കിൽപ്പോലും സ്ഥലവിലയായി 3,83,46,000 രൂപയും അതിന്റെ ആധാരച്ചെലവും അടക്കം നാലരകോടിയോളം രൂപ ഈ വകയിൽ ചെലവായിട്ടുണ്ട്. ഈ പണം എങ്ങനെയുണ്ടായി? അതിനുള്ള ഉത്തരം ഡിഫെൻഡറിൽ പറഞ്ഞിട്ടുണ്ട്. ഊരും പേരുമില്ലാത്ത ഒരു സാധു പെൺകുട്ടിയുടെ ചിത്രം ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച് പണം പിരിച്ചു. ഇപ്പോഴും പിരിച്ചുകൊണ്ടിരിക്കുന്നു. സംശയമുള്ളവർ www.indiago.org എന്ന വെബ് സൈറ്റ് നോക്കുക.

ഇന്ത്യയിലെ സാധുക്കളായ കുട്ടികളുടെ ചിത്രം വിറ്റ് പിരിച്ചെടുത്ത കോടികൾ സ്വന്തം കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള സംഘടനക്ക് സ്ഥലം വാങ്ങാൻ വിനിയോഗിച്ചിരിക്കയാണ്. കെ.സി.ചെറിയാനെ പുറത്താക്കിയവർ ഇതിന് എന്തു വിശദീകരണമാണാവോ നൽകാൻ പോകുന്നത്. ഒരു നേരത്തെ ആഹാരത്തിനു വകയില്ലാത്തവരുടെ നാമത്തിൽ പിരിച്ചെടുത്ത ഒരോ ചില്ലിക്കാശിനും ടി.എസ്.ഏബ്രഹാമും തലമുറയും കണക്കു പറയേണ്ടതായി വരും എന്നതിന് സംശയമില്ല.

ടി.ജെ.ശമുവേലിന്റെ വീടിനു മുകളിൽ പുല്ല് കിളിർത്തു നിന്ന ഒരു കാലം ഉണ്ടായിരുന്നു. പക്ഷേ ഇന്നോ? തല ചായ്ക്കാൻ ഇടമില്ലാതെ നടന്ന ദൈവപുത്രന്റെ നാമത്തിൽ തട്ടിയെടുത്ത പണം കൊണ്ട് ടി.ജെ.ശമുവേൽ കൊട്ടാരംതന്നെ ഉണ്ടാക്കിയിരിക്കുന്നു. ബലേ ഭേഷ് എന്നല്ലാതെ എന്തു പറയാൻ.

എല്ലാ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളും അഴിമതിയിൽ മുങ്ങി കുളിച്ച് നിൽക്കയാണ്. സാമ്പത്തിക വെട്ടിപ്പാണ് പ്രധാനം. വ്യഭിചാരം, ദുരാഗ്രഹം തുടങ്ങിയവും വേണ്ടുവോളമുണ്ട്. ഇതിനൊക്കെ എതിരെ പ്രതികരിച്ചാൽ മഹാപാപമായി. ഇതൊക്കെ ചെയ്യുന്നവർ പുണ്യ പുരുഷൻമാരും.

പെന്തക്കോസ്തിൽ നിരവധി സാധുക്കളുണ്ട്. കർത്താവിനായി എന്തു ത്യാഗവും സഹിക്കാൻ തയ്യാറുള്ള ദൈവദാസൻമാരുണ്ട്. പക്ഷേ പ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കുന്ന കള്ളൻമാർ ഇത്തരക്കാർക്കും ദുഷ്പേരുണ്ടാക്കുന്നു. സഭയും സംഘടനയും തമ്മിലുള്ള വ്യത്യാസം ദൈവമക്കൾ മനസ്സിലാക്കാതെ ഈ പ്രശ്നം പരിഹരിക്കാനാവില്ല.



# പ്രകൃതിവിരുദ്ധന് എ.ജിയുടെ പിൻതുണ

മോഹിക്കേണ്ടതിന് സ്ത്രീയെ നോക്കുന്നവൻ പോലും ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്തുപോയി എന്ന് കർത്താവായ യേശുക്രിസ്തു പറഞ്ഞു. പക്ഷേ, അക്ഷരാർത്ഥത്തിൽ വ്യഭിചാരം ചെയ്താൽ പോലും പെന്തക്കോസ്ത് സഭയിൽ പ്രശ്നമില്ല. കാരണം, പെന്തക്കോസ്ത് നേതാക്കൻമാരിൽ ഭൂരിപക്ഷവും അത്യുഗ്രൻ വ്യഭിചാരികളാണ്.

അമേരിക്ക പോലുള്ള രാജ്യങ്ങളിൽ സ്വവർഗ്ഗാനുരാഗം പാപമായി കണക്കാക്കുന്നില്ല. പക്ഷേ അതല്ല ഇന്ത്യയിലെ സ്ഥിതി. രാജ്യം ഏതായാലും ദൈവവചനം അത് അനുവദിക്കുന്നുമില്ല. ദൈവം നികൃഷ്ട ബുദ്ധിക്ക് ഏല്പിച്ചവരാണ് ഇത്തരം വൈകൃതങ്ങളുടെ പിന്നാലെ പോകുന്നത്. ഭേദമാക്കുവാനാകാത്ത ഒരു മാനസികരോഗമാണിത്. ഇത്തരക്കാർ മറ്റുള്ളവരേയും ഈ പാപത്തിലേക്ക് വലിച്ചിഴയ്ക്കും.

എ.ജി.യിലെ ഒരു പാസ്റ്ററായ മത്തായിക്കുട്ടിയേക്കുറിച്ചു പറയാനാണ് ഇത്രയും മുഖവുര പറഞ്ഞത്. ഈ നീചനേക്കുറിച്ച് ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ എഴുതിയിരുന്നെങ്കിലും സഭാനേതൃത്വം കണ്ട ഭാവം നടിച്ചില്ല. രണ്ടോ മൂന്നോ വട്ടം എഴുതിയിട്ട് ഡിഫെൻഡർ എഴുത്ത് നിർത്തിക്കൊള്ളും എന്നാണ് എ.ജി. നേതാക്കൻമാർ കരുതുന്നതെങ്കിൽ തെറ്റി. മത്തായിക്കുട്ടിയെ പുറത്താക്കുംവരെ ഡിഫെൻഡർ എഴുത്ത് തുടരും.

അതിഹീനമായ പാപങ്ങളിൽ ഒന്നായിട്ടാണ് ദൈവവചനം ഈ വൈകൃതത്തെ കാണുന്നത്. മത്തായിക്കുട്ടി ഈ കലാപരിപാടി തുടങ്ങിയിട്ട് വളരെക്കാലമായി. എന്നാൽ അടുത്ത കാലത്താണ് ഈ പ്രശ്നം ഡിഫെൻഡറിന്റെ ശ്രദ്ധയിൽ പെട്ടത്. ഇടുക്കി ജില്ലയിലുള്ള ഒരു സഭയിലെ രണ്ടു കുട്ടികൾക്കുണ്ടായ അനുഭവമാണ് ആദ്യം ഡിഫെൻഡർ എഴുതിയത്. എന്നാൽ ഈ വാർത്ത വായിച്ച പലരും തങ്ങൾക്കുണ്ടായ അനുഭവങ്ങൾ ഡിഫെൻഡർ ഓഫീസിൽ അറിയിക്കയുണ്ടായി. ഇത്തരം ഒരു വൃത്തികെട്ടവൻ പെന്തക്കോസ്ത് പാസ്റ്ററായി വിലസുന്നു എന്ന് വിശ്വസിക്കാൻ പോലും കഴിയുന്നില്ല.

രണ്ടാഴ്ച മുൻപ് മത്തായിക്കുട്ടി ഡിഫെൻഡർ ഓഫീസിലേക്ക് വിളിച്ചിരുന്നു. താൻ അങ്ങനെയൊന്നും ചെയ്തിട്ടില്ലെന്നും ആരോ കള്ളം പറഞ്ഞതാണെന്നും മറ്റുമാണ് മത്തായിക്കുട്ടി പറഞ്ഞത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ ഒന്നുപോലെ കള്ളം പറയുന്നു എന്ന് വിശ്വസിക്കാൻ തക്ക വിഡ്ഢിയല്ല ഡിഫെൻഡറിന്റെ പത്രാധിപർ. അതുകൊണ്ട് മത്തായിക്കുട്ടിയുടെ വാദം ഡിഫെൻഡർ തള്ളിക്കളയുന്നു. താൻ നിരപരാധിയാണെന്ന് മത്തായിക്കുട്ടിക്ക് ഉറപ്പുണ്ടെങ്കിൽ ഡിഫെൻഡറിനെതിരെ മാനനഷ്ടക്കേസ്സ് കൊടുക്കട്ടെ.

കുറച്ചുകാലം ഇങ്ങനെ എഴുതിയിട്ട് ഡിഫെൻഡർ ഈ വിഷയം വിട്ടുകളയും എന്നാണ് മത്തായിക്കുട്ടിയും എ.ജി. നേതാക്കൻമാരും കരുതുന്നതെങ്കിൽ നിങ്ങൾക്ക് തെറ്റി. മത്തായിക്കുട്ടി ചെയ്തിരിക്കുന്നത് ഗുരുതരമായ പാപമാണ്. ഇത്തരം പാപം ചെയ്യുന്ന ഒരാൾ പാസ്റ്ററായിരിക്കാൻ യോഗ്യനല്ല. മാത്രമല്ല കള്ളപ്രവചനവുമായി ഊരു ചുറ്റുന്നവനാണ് മത്തായിക്കുട്ടി. ഇയാൾ ചെല്ലുന്നിടത്തെല്ലാം ഈ പാപത്തിന്റെ വിത്ത് വിതയ്ക്കും. അത് അനുവദിക്കാൻ ആവില്ല.

ടി.ജെ.ശമുവേലിനേപ്പോലുള്ളവർ നേതൃത്വം കൊടുക്കുന്ന എ.ജി. സഭയ്ക്ക് ഇതൊന്നും പാപമായി തോന്നിയില്ലെന്നു വരാം. സുരേഷ് ബാബുവിനെതിരെ ചെറുവിരലെങ്കിലും അനക്കാൻ എ.ജിയിലെ വിശുദ്ധൻമാർക്ക് കഴിഞ്ഞിട്ടില്ലല്ലോ. അതുകൊണ്ട് മത്തായിക്കുട്ടിക്കെതിരേയും ഒരു നടപടിയും ഉണ്ടാകുകയില്ല എന്നറിയാം. പക്ഷേ മത്തായിക്കുട്ടി പെന്തക്കോസ്തിൽ നിന്നും പുറത്താകുന്നതുവരെ ഡിഫെൻഡർ എഴുതിക്കൊണ്ടിരിക്കും. മത്തായിക്കുട്ടിയും എ.ജി. നേതാക്കൻമാരും ശരിക്ക് നാണംകെടും. അത് ഒഴിവാക്കുകയാണ് ബുദ്ധി.




# കള്ളന് മിണ്ടാട്ടമില്ല

സന്തോഷ് പി. ചാക്കോ എന്ന കള്ളൻ നിരവധി ആളുകളെ കബളിപ്പിച്ച വാർത്ത കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഇയാളേപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയാനായി പലരും ഡിഫെൻഡർ ഓഫീസിലേക്ക് വിളിക്കുകയുണ്ടായി.

ഈ വാർത്തയേപ്പറ്റി ഈ കള്ളൻ എന്തെങ്കിലും പറഞ്ഞോ എന്ന് പലരും ചോദിച്ചു. അതുകൊണ്ട് പറയട്ടെ: സന്തോഷ് പി. ചാക്കോ മിണ്ടിയിട്ടില്ല. ഡിഫെൻഡറിൽ എഴുതിയതു മുഴുവൻ സത്യമാണ്. അതുകൊണ്ട് വാർത്ത നിഷേധിക്കാനാവില്ല. എല്ലാം സത്യമാണെന്ന് ഏറ്റു പറയാനും ഇടയില്ലല്ലോ. തട്ടിയെടുത്ത പണം യഥാസമയം തിരിച്ചു കൊടുത്തില്ലെങ്കിൽ കൂടുതൽ വിശദമായ വാർത്ത വരും ലക്കങ്ങളിൽ പ്രതീക്ഷിക്കുക.

# കവടിയാർ രാജു വലവിരിക്കുന്നു

കവടിയാർ രാജു എന്ന കള്ളപ്രവാചകനേക്കുറിച്ച് ഡിഫെൻഡറിൽ മുൻപ് എഴുതിയിട്ടുണ്ട്. ഇപ്പോൾ വീണ്ടും എഴുതേണ്ടതായി വന്നിരിക്കുന്നു. ഒരു സാധുവിനെ കബളിപ്പിക്കാൻ ഇയാൾ വട്ടംകൂട്ടുന്നതായി വിവരം ലഭിച്ചതുകൊണ്ടാണ് വീണ്ടും എഴുതുന്നത്.

പട്ടാളത്തിൽ, ഉയർന്ന ജോലിയിൽ ആയിരുന്ന നിഷ്ക്കളങ്കനായ ഒരു വിശ്വാസി അടുത്തകാലത്ത് റിട്ടയർ ചെയ്തു. ഇനിയുള്ള കാലം സുവിശേഷ വേല ചെയ്യണമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. ഈ സഹോദരനെ കറക്കിയടിച്ച് പണം തട്ടാനാണ് കവടിയാർ രാജു ഇപ്പോൾ ശ്രമിക്കുന്നത്. ഇങ്ങനെ നിരവധി ആളുകളെ കബളിപ്പിച്ചിട്ടുള്ള വ്യക്തിയാണ് രാജു.

ആത്മീയ രംഗത്ത് വലിയ പരിചയമില്ലാത്ത ആ സാധുവിന് രാജു സ്വന്തം സഭയിലെ അസിസ്റ്റന്റ് പാസ്റ്റർ സ്ഥാനമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. സ്വാഭാവികമായും ആ നിഷ്ക്കളങ്കൻ സമ്മതിച്ചു. രാജുവിന്റെ കെട്ടിടത്തിൽ മൂന്നു നിലകൂടി പണിയണം. അതിനുള്ള പണം ഈ സാധുവിന്റെ പോക്കറ്റിൽ നിന്നും തട്ടാനാണ് പദ്ധതി. സ്ഥലം രാജുവിന്റെ വക. കെട്ടിടവും രാജുവിന്റെ വക. കെട്ടിടം പണിത് തീരുന്നതുവരെ അസിസ്റ്റന്റ് പാസ്റ്ററെ കൈവെള്ളയിൽ കൊണ്ടു നടക്കും. അതു കഴിയുമ്പോൾ കറിവേപ്പിലപോലെ എടുത്തു കളയാം. ഇതാണ് പദ്ധതി.

പക്ഷേ രാജുവിന്റെ മോഹം പൂവണിയുകയില്ല. കാരണം, ഡിഫെൻഡർ ഈ വിവരം അറിഞ്ഞുകഴിഞ്ഞു. ആ പാവത്തെ കബളിപ്പിക്കാൻ ഡിഫെൻഡർ അനുവദിക്കയില്ല. കവടിയാർ രാജു ഏതു തരക്കാരനാണെന്ന് ഡിഫെൻഡർ അദ്ദേഹത്തെ അറിയിച്ചുകഴിഞ്ഞു. രാജുവിന്റെ കെണിയിൽ അദ്ദേഹം വീഴുകയില്ല.

കവടിയാർ രാജുവിനേപ്പോലുള്ളവർ എത്രയോ പാവപ്പെട്ടവരെ ചതിച്ചുകഴിഞ്ഞു. ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന ഇത്തരം നീചൻമാരെ ദൈവമക്കൾ സൂക്ഷിക്കണം. ചതിയിൽ അകപ്പെടരുത്.

# ഏബ്രഹാം ഷാജിക്കെതിരെ ഐ.പി.സിയിൽ പടയൊരുക്കം

ഐ.പി.സി. സ്റ്റേറ്റ് പ്രസ്ബിറ്ററി അംഗവും പെരുമ്പെട്ടി സഭാ ശുശ്രൂഷകനുമായ പാസ്റ്റർ ഏബ്രഹാം ഷാജിയെ ഐ.പി.സിയിൽ നിന്നും പുറത്താക്കാനുള്ള തന്ത്രങ്ങൾ ഐ.പി.സി. നേതാക്കൻമാർ മെനയുന്നതായി കുമ്പനാട്ടുനിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കെ.പി.കുര്യനുമായി സഹകരിക്കുന്നു എന്ന കുറ്റമാണ് ഏബ്രഹാം ഷാജിക്കെതിരെ ആരോപിക്കുന്നത്. പുറത്താക്കൽ നടപടിയുടെ ഭാഗമായി ഫെബ്രുവരി 14ന് പാസ്റ്റർ കെ.സി.തോമസ് ഏബ്രഹാം ഷാജിക്ക് അയച്ച കത്തിൽ ഇപ്രകാരം പറയുന്നു:

*ഐ.പി.സി. ജനറൽ കൗൺസിലും സ്റ്റേറ്റ് പ്രസ്ബിറ്ററിയും ഐ.പി.സിയിൽ നിന്നും നീക്കം ചെയ്തുകൊണ്ട് നടപടി എടുത്ത പാ. കെ.പി.കുര്യന്റെ നേതൃത്വത്തിൽ ആമല്ലൂരിൽ നടന്ന കൺവെൻഷനിൽ താങ്കൾ പ്രസംഗിച്ചതായി അറിയുന്നു. 14.2.06ൽ കൂടിയ സ്റ്റേറ്റ് കൗൺസിൽ ഈ വിഷയം സംബന്ധിച്ച് താങ്കളോട് വിശദീകരണം ആവശ്യപ്പെടണമെന്ന് തീരുമാനിച്ചതുകൊണ്ട് താങ്കൾ ആ മീറ്റിംഗിൽ പങ്കെടുത്ത് പ്രസംഗിച്ചുവെങ്കിൽ രേഖാമൂലം സ്റ്റേറ്റ് കൗൺസിലിന് മാർച്ച് 6ന് മുൻപ് ലഭിക്കത്തക്കവിധം വിശദീകരണം നൽകേണ്ടതാണ്.*

ഈ കത്തിന് ഏബ്രഹാം ഷാജി കൊടുത്ത മറുപടി ഇതാണ്:

*വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അയച്ച കത്ത് ലഭിച്ചു. താങ്കളുടെ കത്തിൽ ചോദിച്ചിരിക്കുംപ്രകാരം ഐ.പി.സി. ജനറൽ കൗൺസിലും സ്റ്റേറ്റ് പ്രസ്ബിറ്ററിയും ഐ.പി.സിയിൽ നിന്നും നീക്കം ചെയ്തുകൊണ്ട് നടപടി എടുത്ത പാ. കെ.പി.കുര്യന്റെ നേതൃത്വത്തിൽ ആമല്ലൂരിൽ നടന്ന കൺവെൻഷനിൽ ഞാൻ പ്രസംഗിച്ചിട്ടില്ല എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.*

ഈ മറുപടി തൃപ്തികരമല്ലെന്ന് അറിയിച്ച് കെ.സി.തോമസ് കൊടുത്ത കത്തിൽ ഇപ്രകാരം പറയുന്നു:

*നിങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ കത്തിനു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 14-3-06ന് കുമ്പനാട്ട് കൗൺസിൽ ഹാളിൽ ചേരുന്ന സ്റ്റേറ്റ് പ്രസ്ബിറ്ററിയിൽ നിങ്ങൾ നേരിട്ട് ഹാജരായി വിശദീകരണം തരണമെന്ന് അറിയിക്കുന്നു.*

ആവശ്യപ്പെട്ടതനുസരിച്ച് മാർച്ച് 14ന് ഏബ്രഹാം ഷാജി ഹാജരാകുകയും താഴെ കാണുന്ന വിശദീകരണം കൊടുക്കുകയും ചെയ്തു:

ബഹുമാനപ്പെട്ട ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രസ്ബിറ്ററി മുൻപാകെ പാസ്റ്റർ ഏബ്രഹാം ഷാജി:

നമ്മുടെ കർത്താവിന്റെ കൃപയാൽ

*1.കഴിഞ്ഞ 20 വർഷമായി ഞാൻ ഐ.പി.സിയിൽ ശുശ്രൂഷകനായി ദൈവവചന സത്യങ്ങളും ഐ.പി.സിയുടെ ഭരണഘടനയും അനുസരിച്ച് പ്രവർത്തിക്കുന്നു. നാളിതുവരെ അത് ലംഘിക്കാതിരിക്കാൻ ശ്രദ്ധിച്ചുവരുന്നു.*

*2. നമ്മുടെ കർത്താവിന്റെ രക്ഷയുടെ സുവിശേഷം സഭയ്ക്ക് അകത്തും പുറത്തും ഉള്ളവരോട് അവസരം ലഭിക്കുമ്പോഴൊക്കേയും അറിയിച്ചുകൊണ്ടിരിക്കുന്നു.*

*3. നിയമലംഘനം നടത്തിയ ഏതോ കുറ്റവാളി എന്നപോലെ എന്നോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഐ.പി.സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി അയച്ച കത്തുകളുടെ ഉദ്ദേശം മനസ്സിലാക്കുവാൻ പ്രയാസമാണ്.*

*4. ഐ.പി.സിയുടെ 2002ൽ പരിഷ്ക്കരിച്ചതും ഇപ്പോൾ നിലവിലുള്ളതുമായ അസ്സോസിയേഷൻ മെമ്മോറാണ്ടവും ഭരണഘടനയും പരിശോധിച്ചിട്ട് ആർട്ടിക്കിൾ 1 മുതൽ 21 വരെയുള്ള ഏതെങ്കിലും വകുപ്പിലോ ഉപവകുപ്പിലോ പറഞ്ഞിട്ടില്ലാത്ത കാര്യമാണ് എന്റെമേൽ ആരോപിച്ചിരിക്കുന്നത്.*

*5. ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ടി.എസ്.ഏബ്രഹാമും ജനറൽ സെക്രട്ടറി പാസ്റ്റർ കെ.എം.ജോസഫും ചേർന്ന് 20-12-2005ലും 25-12-2005ലുമായി ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയിലെ എല്ലാ ശുശ്രൂഷകൻമാരേയും അംഗങ്ങളേയും അറിയിക്കുന്നത് എന്നു പറഞ്ഞു പുറപ്പെടുവിച്ച അറിയിപ്പുകളിലും കെ.പി.കുര്യന് പ്രവേശിക്കുന്നതിനും പ്രവർത്തിക്കുന്നതിനും അവകാശമോ അനുവാദമോ ഇല്ല എന്നുള്ള വിവരം അംഗങ്ങളെ അറിയിച്ചിട്ടുള്ളതല്ലാതെ സഭയിലെ ശുശ്രൂഷകൻമാർമാരോ അംഗങ്ങളോ മേലാൽ കെ.പി.കുര്യനോട് ഏതെങ്കിലും വിധത്തിൽ സഹകരിക്കാൻ പാടില്ല എന്ന് പറഞ്ഞിട്ടില്ല.*

*6. ഐ.പി.സിയുടെ ജനറൽ കൗൺസിലോ സ്റ്റേറ്റ് കൗൺസിലോ എപ്പോഴെങ്കിലും ഏതെങ്കിലും വിധത്തിലുള്ള അച്ചടക്ക നടപടി ആർക്കെങ്കിലും എതിരേ എടുത്താൽ നടപടിക്ക് വിധേയനായ വ്യക്തിയോട് നിലവിലുള്ള അംഗങ്ങളോ ശുശ്രൂഷകൻമാരോ കൗൺസിൽ അംഗങ്ങളോ മേലാൽ യാതൊരു വിധത്തിലുള്ള സഹകരണങ്ങൾ ഉണ്ടാകാൻ പാടില്ലാ എന്ന് ജനറൽ കൗൺസിലോ സ്റ്റേറ്റ് കൗൺസിലോ തീരുമാനം എടുക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.*

*7. ഐ.പി.സി. പ്രസിഡന്റിന്റെ അറിയിപ്പ് ലഭിച്ചതിനുശേഷം നാളിതുവരെ കെ.പി.കുര്യന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ഞാൻ പ്രസംഗിച്ചിട്ടില്ല എന്ന് പറഞ്ഞത് ശരിയാണ്. ടി അറിയിപ്പിനുശേഷം ഒരിക്കൽ മാത്രമാണ് ഞാൻ ആമല്ലൂരിൽ പ്രസംഗിച്ചത്. അത് 2006 ഫെബ്രുവരി 4-ാം തീയതി ശനിയാഴ്ച വൈകിട്ടാണ്. ആ യോഗം വിളിച്ചുകൂട്ടിയത് ആമല്ലൂർ ഐ.പി.സി. എബനേസർ സഭയ്ക്കുവേണ്ടി സെക്രട്ടറി അഡ്വ.ജേക്കബ് ജോൺ ആണ്. അന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് പാസ്റ്റർ ജോൺ ഏബ്രഹാം എന്ന ദൈവദാസനാണ്. അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിച്ചത് ശാരോൻ തുടങ്ങിയ അയൽ സഭകളിൽ ശുശ്രൂഷിക്കുന്ന ദൈവദാസൻമാരാണ്. മിസ്മോർ മ്യൂസിക് കോട്ടയം എന്ന പേരിൽ അറിയപ്പെടുന്ന ഗായകസംഘമാണ് പാട്ടുകൾക്ക് നേതൃത്വം നൽകിയത്. ഒടുവിൽ പ്രാർത്ഥിച്ചതും ആശീർവാദം പറഞ്ഞതും മറ്റു രണ്ട് ദൈവദാസൻമാരാണ്. വസ്തുതകൾ ഇതായിരിക്കെ 4-2-2006ൽ നടന്ന യോഗം കെ.പി.കുര്യന്റെ നേതൃത്വത്തിൽ ആകുന്നതെങ്ങനെ എന്ന് മനസ്സിലാകുന്നില്ല.*

*8. ഐ.പി.സി. ആമല്ലൂർ എബനേസർ സഭയെ ഒഴിവാക്കുകയോ സഭയ്ക്കെതിരെ എന്തെങ്കിലും നടപടി എടുത്തതായോ അറിവില്ല.*

ഇങ്ങനെ 15 പോയന്റുള്ള മറുപടിയാണ് കൊടുത്തിട്ടുള്ളത്. ഇനി എന്തു നടക്കുമെന്ന് കണ്ടുതന്നെ അറിയണം.

# നാഗാലാന്റ് സ്മരണകൾ



1987ന്റെ ആദ്യമാസങ്ങൾ സന്തോഷകരമായിരുന്നു. പ്രശ്നങ്ങളൊന്നും ഇല്ലാത്ത കാലം. ഞങ്ങൾ കേരളം വിട്ടിട്ട് രണ്ടുവർഷത്തിലേറെയായി. അനിതമോളെ നാട്ടിലാരും കണ്ടിട്ടുമില്ല. മദ്ധ്യ വേനലവധിക്കാലത്ത് ഒരു സ്വദേശ പര്യടനം നടത്തുകയെന്നുതന്നെ തീരുമാനിച്ചു. മൂന്നാഴ്ചയോളം അവധിയുണ്ട്. അതുകൂടാതെ ചില ആഴ്ചകൾകൂടി ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകില്ല. കഴിഞ്ഞ രണ്ടുവർഷക്കാലം ഞാൻ അവധിയെടുത്തിട്ടേയില്ല. ക്ലാസ്സില്ലാത്ത ദിവസങ്ങളിൽ പോലും സ്കൂൾ വരെയൊന്നു പോയിവരിക പതിവാക്കിയിരുന്നുതാനും. എന്റെ ആത്മാർത്ഥത ഗ്രാമക്കാർക്കെല്ലാം അറിവുള്ളതായിരുന്നു.

സ്ക്കൂൾ ബോർഡ് മീറ്റിംഗിൽ വിഷയം അവതരിപ്പിച്ചു സമ്മതം വാങ്ങി. ഗുവഹാത്തിയിൽ പോയി ടിക്കറ്റ് റിസർവ് ചെയ്തു. മടക്കയാത്രയ്ക്കുള്ള ടിക്കറ്റ് റിസർവ് ചെയ്യാൻ നാട്ടിലേയ്ക്ക് പണം അയച്ചുകൊടുത്തു. മടങ്ങി വരുമ്പോൾ അമ്മയേയും കൂടി കൊണ്ടുവരണം. അമ്മയുടെ സഹായം വീണ്ടും ആവശ്യമായിരിക്കുന്നു. 'സൗരഭ്യ' പ്രശ്നം തന്നെയാണ് കാര്യം. 'മുല്ലപ്പൂമ്പൊടി'യ്ക്ക് ഇത്ര മാത്രം സൗരഭ്യദായക ശക്തിയുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

സാനീസിൽ നിന്നും മേരാപ്പാനിയിലെത്തുക അല്പം ബുദ്ധിമുട്ടുള്ള കാര്യമാണ്. വൊക്കയിൽ നിന്നും ഒരു ബസുണ്ട്. പക്ഷേ അത് സർക്കാർ വണ്ടിയാകയാൽ സാനീസിൽ നിർത്തുമെന്നുറപ്പു പറയാനാവില്ല. നാഗാലാന്റിലെ ട്രാൻസ്പോർട്ടുകളും കേരളത്തിലെ ട്രാൻസ്പോർട്ടുകളേപ്പോലെയാണ് ജനസേവനം നടത്തുന്നത്. പ്രൈവറ്റ് ബസ് എന്നൊന്ന് അക്കാലത്ത് നാഗാലാന്റിൽ ഉണ്ടായിരുന്നില്ലതാനും. അതുകൊണ്ട് ഒരു ജീപ്പ് പിടിച്ച് മേരാപ്പാനിയിലെത്തി.

പക്ഷേ മേരാപ്പാനിയിൽ അപ്രതീക്ഷിതമായ പ്രശ്നം. മേരാപ്പാനി ഉൾപ്പെടെയുള്ള ആ പ്രദേശങ്ങൾ അന്ന് ആസ്സാമിലെ ജോർഹാട്ട് ജില്ലയുടെ ഭാഗമായിരുന്നു. എന്നാൽ ഈ ജില്ലയിൽ നിന്നും ഗൊളഹാട്ട് പ്രദേശങ്ങൾ അടർത്തി മാറ്റി പുതിയൊരു ജില്ല രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു ബന്ദ് ആ പ്രദേശങ്ങളിൽ അന്ന് ആചരിക്കാൻ സമരസമിതി ആഹ്വാനം ചെയ്തിരുന്നു. പൊതുജനങ്ങളുടെ പൂർണ്ണ പിൻതുണയുള്ള ആ ബന്ദ് നടക്കുന്നതറിയാതെയാണ് ഞങ്ങൾ മേരാപ്പാനിയിൽ എത്തിയത്.

കടകളെല്ലാം അടഞ്ഞു കിടക്കുന്നു. യാതൊരു വാഹനവും ഓടുന്നില്ല. വൈകിട്ട് അഞ്ചു മണിവരെ മാത്രമേ ബന്ദ് ഉള്ളു എന്നതാണ് ആകെയുള്ള ആശ്വാസം. അതു കഴിഞ്ഞാൽ എങ്ങനെയെങ്കിലും ഗൊളഹാട്ടെത്താം. വൈകിട്ട് ഏഴുമണിക്കു മുൻപ് എത്തിയാൽ ഗുവഹാത്തിക്ക് ബസ് ലഭിക്കും. പക്ഷേ അതുവരെയെങ്ങനെ കഴിച്ചുകൂട്ടും? മണി പതിനൊന്നുമാത്രമേ ആയിട്ടുള്ളു. കുട്ടികൾ വിശന്നു കരയാൻ ആരംഭിച്ചു കഴിഞ്ഞു. ഒരു തുള്ളി വെള്ളംപോലും ആ പ്രദേശത്തെങ്ങുമില്ല. ശരിക്കും കുഴഞ്ഞു എന്നുപറഞ്ഞാൽ മതിയല്ലോ. എന്നാൽ തികച്ചും പ്രതീക്ഷിക്കാത്തിടത്തുനിന്നും സഹായത്തിന്റെ കരങ്ങൾ ദൈവം ക്രമീകരിച്ചു.

'മേരാപ്പാനി യുദ്ധം' അവസാനിച്ചതു മുതൽ ആ പ്രദേശം B.S.Fന്റെ അധീനതയിലായിരുന്നു. പ്രസ്തുത സംഭവം നടന്നിട്ട് രണ്ടരവർഷം കഴിഞ്ഞു എങ്കിലും B.S.F പിൻവാങ്ങിയിട്ടില്ല. കുഞ്ഞുകുട്ടികളും സാധന സാമഗ്രികളുമൊക്കെയായി ഞങ്ങൾ വന്നിറങ്ങിയത് അവർ കണ്ടിരുന്നു. ഏറെ താമസിയാതെ അവർ വിവരങ്ങളെല്ലാം ഞങ്ങളിൽനിന്നും മനസ്സിലാക്കി. ആവശ്യമായ സഹായങ്ങളെല്ലാം ചെയ്തു തരാമെന്നേറ്റു. അങ്ങനെ ഞങ്ങൾ അവരുടെ ക്യാമ്പിലെത്തി.

കുടിക്കുവാൻ വെള്ളം, ക്ഷീണം തീർക്കുവാൻ സ്ഥലം, എല്ലാം അവർ തന്നു. ഉച്ചയായപ്പോൾ ഭക്ഷണവും ലഭിച്ചു. ഉച്ചകഴിഞ്ഞ് B.S.F ന്റെ വക ഒരു ട്രക്ക് ഗൊളഹാട്ടെത്തി. ഇങ്ങനെയൊരു സഹായം ലഭിച്ചിരുന്നില്ലെങ്കിൽ ഞങ്ങൾ അന്ന് ശരിക്കും കുഴയുമായിരുന്നു. ദൈവം ഞങ്ങൾക്കായി കരുതിയെന്നല്ലാതെ ഒന്നും ഇതേപ്പറ്റി എനിക്കു പറയാനില്ല.

ബന്ദു കഴിഞ്ഞതോടെ നഗരം സജീവമായി. വൈകിട്ട് ബസ് ലഭിച്ചു. പിറ്റേന്നു പ്രഭാതത്തിൽ ഞങ്ങൾ ഗുവഹാത്തിയിലെത്തി. തുടർന്നുള്ള യാത്രയും സുഖകരമായിരുന്നു. അങ്ങനെ സുഖകരമായി കേരളത്തിലെത്തി.

തുടർന്നുള്ള ഒരു മാസക്കാലം നാട്ടിൽ കഴിച്ചുകൂട്ടി. വിശേഷങ്ങളെല്ലാം പറഞ്ഞു തീർത്തു. നാട്ടുവർത്തമാനങ്ങളെല്ലാം ചോദിച്ചറിഞ്ഞു. ബന്ധുക്കളേയും സുഹൃത്തുക്കളേയും സന്ദർശിച്ചു. അങ്ങനെ അവധിക്കാലം കഴിഞ്ഞു.

മടക്കയാത്രയും സുഖകരമായിരുന്നു. അമ്മയും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. തിരുവനന്തപുരം-ഗുവഹാത്തി ട്രെയിനിൽ ഗുവഹാത്തിയിലെത്തി. അവിടെനിന്നും ബസ്സിൽ യാത്ര തുടർന്നു. പ്രഭാതമായപ്പോൾ ഗൊളഹാട്ടെത്തി. ബസ്സിൽത്തന്നെ യാത്രചെയ്ത് ഏകദേശം പത്തുമണിയായപ്പോൾ മേരാപ്പാനിയിലെത്തി. സാനീസിൽ നിന്നും എത്തിയ ഒരു ലോറി, ചരക്കുകൾ കയറ്റി മടങ്ങാൻ തയ്യാറായി നില്പുണ്ടായിരുന്നു. ചാക്കുകെട്ടുകളുടെ മുകളിൽ ഞങ്ങളെല്ലാം കയറിക്കൂടി. പ്രശ്നങ്ങളൊന്നും കൂടാതെ ഞങ്ങൾ സാനീസിലെത്തി.

ഇങ്ങനെ അവധിക്കു പോകുന്ന അദ്ധ്യാപകരും മറ്റും മിക്കപ്പോഴും തിരിച്ചു വരികയില്ല. അതുകൊണ്ട് ഞങ്ങളും തിരിച്ചു വരികയില്ലയെന്ന് വിശ്വസിച്ചിരുന്ന വലിയൊരുകൂട്ടം ആൾക്കാർ സാനീസിലുണ്ടായിരുന്നു. ഞങ്ങൾ മടങ്ങിവന്നു എന്നതു അവർക്ക് അത്ഭുതകരമായിത്തോന്നി. അമ്മ തിരികെയെത്തിയതിൽ ഗ്രാമത്തിലുള്ള സ്ത്രീജനങ്ങൾക്കെല്ലാം സന്തോഷമുണ്ടായിരുന്നു. അവർക്ക് കഥകൾ പറഞ്ഞിരിക്കാൻ ഒരു കൂട്ടായല്ലോ.

യാത്രയിൽ ആദ്യവസാനം സൂക്ഷിച്ചതിന് ഞാൻ ദൈവത്തിനു നന്ദി പറഞ്ഞു. പ്രശ്നങ്ങളുണ്ടാകാമായിരുന്നിടത്തൊക്കെയും ദൈവം ഞങ്ങൾക്കു സഹായത്തിന്റെ കരവുമായെത്തിയതുകൊണ്ട് പറയത്തക്ക ബുദ്ധിമുട്ടുകളൊന്നും കൂടാതെ ഞങ്ങൾ യാത്ര കഴിഞ്ഞു മടങ്ങിയെത്തുവാനിടയായി.

നാഗാലാന്റ് അസംബ്ലിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് 1987 നവംബർ അവസാനത്തോടെ ഉണ്ടാകും. അതുകൊണ്ട് ഒക്ടോബർ 15-ന് മുൻപായി എല്ലാ സ്കൂളുകളും വാർഷികപരീക്ഷ നടത്തണമെന്ന ഓർഡറുണ്ടായി. തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതിനു മുൻപുതന്നെ സ്കൂളുകൾക്ക് അവധി കൊടുക്കുക നാഗാലാന്റിൽ പതിവാണ്. സ്കൂളും തെരഞ്ഞെടുപ്പും തമ്മിലെന്തു ബന്ധമെന്നു ചോദിച്ചേക്കാം. കേരളത്തിലാണെങ്കിൽ ഒന്നോരണ്ടോ ദിവസത്തിലധികം അവധി കൊടുക്കയുമില്ലല്ലോ. കാര്യം അല്പം വിശദമായി പറയാം.

കേരളത്തിലെ സ്കൂളുകളിൽ വോട്ടവകാശമുള്ള കുട്ടികൾ വളരെ ചുരുക്കമാണ്. എന്നാൽ അതല്ല നാഗാലാന്റിലെ സ്ഥിതി. നാഗാലാന്റിലെ സ്കൂൾകുട്ടികളിൽ വോട്ടവകാശമില്ലാത്തവർ വളരെ ചുരുക്കമായിരിക്കും. ഇന്ത്യയിലെവിടെയുമെന്നപോലെ നാഗാലാന്റിലും വോട്ടു ചെയ്യാനുള്ള കുറഞ്ഞപ്രായം 18 വയസ്സു തന്നെ. പക്ഷേ വോട്ടർ പട്ടികയിൽ, അഞ്ചോ ആറോ വയസ്സുള്ള കുട്ടിയും 18 വയസ്സുള്ളവനാകും. പരാതിയുണ്ടാകില്ലേ എന്നു ചോദിച്ചേക്കാം. ആരു പരാതിപ്പെടാൻ. "പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ" എന്നതാണല്ലോ പ്രമാണം. സംസ്ഥാനമൊട്ടുക്ക് ഇതാണ് നിലയെങ്കിൽ ആര് ആർക്കെതിരായി പരാതിപ്പെടാനാണ്. ചിലപ്പോൾ നിയോജകമണ്ഡലത്തിലെ ജനസംഖ്യയേക്കാളധികം വോട്ടർമാർ പട്ടികയനുസരിച്ച് ഉണ്ടായിട്ടുമുണ്ട്. ഇതൊന്നും നാഗാലാന്റിൽ വാർത്തയല്ല. വെറും സാധാരണ സംഭവങ്ങൾ മാത്രം.

ആകെ അറുപതു നിയോജകമണ്ഡലങ്ങളാണുള്ളത്. ഒരു മണ്ഡലത്തിലെ വോട്ടുകളുടെ എണ്ണം അയ്യായിരത്തിനും പതിനായിരത്തിനുമിടയിലായിരിക്കും. ദിമാപൂരിലുള്ള ചില മണ്ഡലങ്ങൾ മാത്രമാണ് ഇതിനൊരപവാദം. വോട്ടുകളുടെ എണ്ണത്തിലുള്ള കുറവ് തെരഞ്ഞെടുപ്പ് ചൂടുള്ളതാക്കുന്നു. കേരളത്തിലെ പഞ്ചായത്തു തെരഞ്ഞെടുപ്പാണല്ലോ അസംബ്ലി, പാർലമെന്റ് തെരഞ്ഞെടുപ്പുകളേക്കാൾ അധികം വീര്യമുള്ളതാകാറ്. നാഗാലാന്റിൽ പാർലമെന്റു തെരഞ്ഞെടുപ്പ് അധികമാരും ശ്രദ്ധിക്കാതെ കടന്നുപോകും. പക്ഷെ നിയമസഭാ തെരഞ്ഞെടുപ്പ് ഒരു ജീവന്മരണ പോരാട്ടം തന്നെയാണ്.

ലക്ഷങ്ങളല്ല കോടികളാണ് ഓരോ സ്ഥാനാർത്ഥിയും ചെലവാക്കുക. വോട്ടുകൾ അക്ഷരാർത്ഥത്തിൽത്തന്നെ വിലയ്ക്കുവാങ്ങും. ഓരോ വോട്ടിനും ആയിരത്തിലധികമാണ് റേറ്റ്. എല്ലാ സ്ഥാനാർത്ഥികളിൽ നിന്നും പണം വാങ്ങുന്ന വിരുതൻമാരും ഉണ്ട്. പണം കൂടാതെ, മദ്യം, ഇറച്ചി, മറ്റ് വസ്തുക്കൾ തുടങ്ങിയവയെല്ലാം വിതരണം നടത്തും. വോട്ടർ ആവശ്യപ്പെടുന്നതെന്തും കൊടുക്കാൻ സ്ഥാനാർത്ഥി തയ്യാർ.

യുവജനങ്ങളെ ആകർഷിക്കാൻ 'യൂത്ത് ക്യാമ്പ്' എന്നൊരു പരിപാടിയുണ്ട്. ഒരു കെട്ടിടം വാടകയ്ക്കോ മറ്റോ സംഘടിപ്പിക്കുകയാണ് ആദ്യപടി. അവിടെ ചീട്ടുകളി, ക്യാരംസ് കളി തുടങ്ങിയവയ്ക്കും മറ്റും സൗകര്യമൊരുക്കുന്നു. ഭക്ഷണപാനീയങ്ങളും മദ്യവും ഉണ്ടായിരിക്കും. തെരഞ്ഞെടുപ്പുകാലം മുഴുവനും യുവജനങ്ങൾ-ആണുംപെണ്ണും-അവിടെയായിരിക്കും വാസം. പക്ഷേ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതൊന്നും അവിടെ നടക്കുന്നില്ല. ചെറുപ്പക്കാരെ സന്തോഷിപ്പിച്ച് അവരുടെ വോട്ടു നേടുകയെന്നതിലധികമൊരു ലക്ഷ്യവും ഇല്ലതാനും.

കേരളത്തിലെപ്പോലെ മൈക്കുവച്ചുള്ള പ്രചാരണവും മറ്റും നാഗാലാന്റിൽ ഇല്ല. വോട്ടർമാരുടെ എണ്ണം കുറവായതിനാൽ സ്ഥാനാർത്ഥിക്കു തന്നെ എല്ലാവരെയും നേരിൽ കാണാവുന്നതേയുള്ളു. കാണുന്നതിലോ, വോട്ടു ചോദിക്കുന്നതിലോ അല്ല എതിർ സ്ഥാനാർത്ഥി കൊടുക്കുന്നതിലധികം പണം കൊടുക്കുന്നതിലാണ് ശ്രദ്ധിക്കേണ്ടത്.

കോൺഗ്രസ്സാണ് നാഗാലാന്റിലെ പ്രധാന പാർട്ടി. മറ്റു ദേശീയപാർട്ടികൾക്കൊന്നും അക്കാലത്ത് നാഗാലാന്റിൽ സ്വാധീനമുണ്ടായിരുന്നില്ല. B.J. P, C.P.I തുടങ്ങിയവയ്ക്ക് പേരിനുമാത്രം പ്രവർത്തനമുണ്ടായിരുന്നു. N.N.O., N.N.D.P., N.P.C. എന്നിങ്ങനെയെല്ലാം ഓരോ കാലങ്ങളിൽ അറിയപ്പെട്ടുവരുന്ന ഒരു പ്രാദേശിക പാർട്ടി മാത്രമാണ് കോൺഗ്രസ്സിനു ബദലായുള്ളത്. മറ്റു ചില പ്രാദേശിക പാർട്ടികൾ കാലാകാലങ്ങളിൽ ഉണ്ടാകയും നശിക്കയും ചെയ്തിട്ടുണ്ടുതാനും. യാതൊരു രാഷ്ട്രീയ പാർട്ടിയുമായും ബന്ധമില്ലാത്ത കുറെ സ്വതന്ത്രന്മാരും തെരഞ്ഞെടുപ്പിൽ മത്സരിക്കും. പക്ഷേ ഇത്തരക്കാർ വളരെ വിരളമായേ ജയിക്കാറുള്ളു. ജയിച്ചാലുടൻ ഇവർ ഭരണകക്ഷിയിൽ അംഗങ്ങളാകും. പ്രതിപക്ഷത്തായിരിക്കാൻ നാഗാലാന്റിലെ M.L.A മാർ ആഗ്രഹിക്കുന്നില്ല. 'സേവന'ത്തിനുള്ള അവസരങ്ങൾ വേണ്ടത്ര ലഭിക്കയില്ലയെന്നതു തന്നെ കാരണം.

നാഗാലാന്റ് സംസ്ഥാനത്തെ 39-ാം നിയോജകമണ്ഡലമാണ് സാനീസ്. 1987-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്, N.N.D.P., B.J.P. എന്നിവയുടെ സ്ഥാനാർത്ഥികളെ കൂടാതെ ഒരു സ്വതന്ത്രനും മത്സര രംഗത്തുണ്ടായിരുന്നു. ഇവരിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥി ജയിച്ചു. കോൺഗ്രസ്സിനു തന്നെയായിരുന്നു സംസ്ഥാനത്ത് ഭൂരിപക്ഷം. S.C. ജാമീറിന്റെ നേതൃത്വത്തിൽ അവർ മന്ത്രിസഭയും രൂപീകരിച്ചു.

# ശതാബ്ദികൊണ്ട് എന്തുനേടി?

ശതാബ്ദി ആഘോഷം കഴിഞ്ഞിട്ട് മൂന്നു മാസം കഴിഞ്ഞിരിക്കുന്നു. ശതാബ്ദികൊണ്ട് എന്തുനേടി എന്ന് വിലയിരുത്താനുള്ള സമയമായെന്നു തോന്നുന്നു. അതുകൊണ്ട് അതേപ്പറ്റി എഴുതുകയാണ്.

ഡിഫെൻഡർ എന്നും ശതാബ്ദിയേക്കുറിച്ച് തിൻമയേ പറയൂ എന്ന് കരുതുന്നവരുണ്ടാകാം. നൻമ കണ്ടാൽ നല്ലത് പറയാൻ ഡിഫെൻഡറിന് മടിയില്ല. പക്ഷേ തിൻമയെ തിൻമയെന്നു വിളിക്കാതെ പറ്റില്ല.

സുവിശേഷയോഗങ്ങൾ നടത്തുന്നത് തെറ്റാണെന്ന് ഡിഫെൻഡറിന് അഭിപ്രായമില്ല. പക്ഷേ ശതാബ്ദി സമ്മേളനം പോലൊരു മെഗാ പരിപാടികൊണ്ട് വിശേഷിച്ച് ഒരു നേട്ടവും ഉണ്ടാകുകയില്ല എന്നാണ് ഡിഫെൻഡർ എന്നും പറഞ്ഞിട്ടുള്ളത്. സുവിശേഷം കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ 10,000 രൂപയിൽ അധികം ചെലവു വരാത്ത സുവിശേഷ യോഗങ്ങൾ നടത്തണം. സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിൽ സത്യ സുവിശേഷം പ്രസംഗിക്കണം. സഭാനേതാക്കൻമാരെ വിളിച്ച് പ്രസംഗിപ്പിക്കരുത്. കാരണം, നേതാക്കൻമാരിൽ ഭൂരിപക്ഷവും സാത്താന്റെ പിടിയിൽ അകപ്പെട്ടു കഴിഞ്ഞു. പേരും പെരുമയും ഏറെയില്ലെങ്കിലും വിശുദ്ധജീവിതം നയിക്കുന്ന ദൈവദാസൻമാരെ വിളിച്ച് പ്രസംഗിപ്പിക്കണം. തീർച്ചയായും ഫലമുണ്ടാകും. ജനം രക്ഷിക്കപ്പെടും.

ശതാബ്ദി സമ്മേളനത്തിന് എത്ര രൂപ ചെലവായി എന്ന് അറിഞ്ഞുകൂടാ. കണക്ക് ഇതുവരെ പരസ്യമാക്കിയിട്ടില്ലല്ലോ. 50 ലക്ഷം രൂപ ചെലവായി എന്നിരിക്കട്ടെ. 10,000 രൂപ ചെലവു വരുന്ന 500 കൺവെൻഷനുകൾ ഈ പണം ഉപയോഗിച്ച് നടത്താമായിരുന്നു. ഗ്രാമങ്ങളിൽ കൺവെൻഷൻ നടത്തിയാൽ ജനം രക്ഷിക്കപ്പെടും. ഒരു കൺവെൻഷന് രണ്ടു പേർ എന്നു കണക്കാക്കിയാലും ആയിരം ആളുകൾ രക്ഷിക്കപ്പെട്ടുമായിരുന്നു. പക്ഷേ തിരുവല്ലയിൽ നടന്നതെന്ത്?

അത്യുഗ്രൻ അത്ഭുതം നടക്കുമെന്ന് പ്രചരിപ്പിച്ച് നൂറുകണക്കിന് രോഗികളെ വിളിച്ചുവരുത്തി. എന്നിട്ട് എന്തു സംഭവിച്ചു. അത്ഭുതം എന്ന് തീർത്തു പറയാവുന്ന ഒരു സംഭവമെങ്കിലും ഉണ്ടായോ? ചിലർക്ക് രോഗശമനം ഉണ്ടായെന്നാണ് ഇപ്പോൾ പറയുന്നത്. കർത്താവ് ആർക്കും രോഗശമനം നൽകിയതായി വചനം പറയുന്നില്ല. കാരണം, കർത്താവിന് രോഗം പൂർണ്ണമായി സൗഖ്യമാക്കാൻ കഴിയുമായിരുന്നു. പക്ഷേ ശതാബ്ദിക്കാരുടെ കർത്താവിന് ശമനം നൽകാനുള്ള കഴിവേയുള്ളു. ഇത് ബൈബിളിലെ കർത്താവല്ലെന്നു തീർച്ച.

കേരളത്തിൽ ഏറ്റവും അധികം സുവിശേഷീകരണം നടന്ന സ്ഥലം തിരുവല്ല ആണെന്നു തോന്നുന്നു. ഏതായാലും സുവിശേഷം പത്തുവട്ടമെങ്കിലും കേട്ടിട്ടില്ലാത്ത ആരും തിരുവല്ലയിലോ പരിസരത്തോ ഉണ്ടാകുമെന്ന് തോന്നുന്നില്ല. അങ്ങനെയുള്ള തിരുവല്ലയിൽ ഇത്തരം ഒരു ബഡാ ക്രൂസേഡ് നടത്തുന്നതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകാനില്ല. സംശയമുള്ളവർ ഒരു അന്വേഷണം നടത്തിനോക്കൂ. ശതാബ്ദി സമ്മേളനം മൂലം എത്ര ആളുകൾ രക്ഷിക്കപ്പെട്ടു? (എത്രപേർ കൈപൊക്കി എന്നല്ല ചോദ്യം). പത്തെണ്ണം തികച്ച് ഉണ്ടാകാനിടയില്ല. അരക്കോടി രൂപ മുടക്കിയിട്ട് ഇതാണ് നേടിയത്.

ആയിരക്കണക്കിന് ആളുകൾ രക്ഷിക്കപ്പെട്ടു എന്ന് ചിലർ പ്രചരിപ്പിച്ചെന്നു വരാം. പക്ഷേ പച്ചക്കള്ളമാണ് ഇത്തരക്കാർ പറയുന്നത്. അങ്ങനെയൊന്നും നടന്നിട്ടില്ല.

ആത്മീയ ഉണർവ്വുണ്ടായി എന്നാണ് മറ്റൊരു വാദം. അതും ശരിയല്ല. യോഗസ്ഥലത്ത് കുറേ തുള്ളലും ചാട്ടവും ഒക്കെ ഉണ്ടായി എന്ന് സമ്മതിക്കുന്നു. അത് ഉണർവ്വാണെന്നു പറയുന്ന വിഡ്ഢികൾക്ക് ഉണർവ്വെന്നു പറഞ്ഞാൽ എന്തെന്ന് അറിഞ്ഞുകൂടാ. ബഹളങ്ങളെല്ലാം ഉണർവ്വാണെന്ന ധാരണ മാറ്റുക.

സായിപ്പ് നല്ലൊരു തുക സംഭാവനയായി നൽകും എന്നു കരുതിയാണ് സമ്മേളനം നടത്തിയത്. പക്ഷേ ചില്ലിക്കാശുപോലും കിട്ടിയില്ല എന്നാണ് അറിയുന്നത്. അതുകൊണ്ട് പ്രധാന സംഘാടകർക്കെല്ലാം പണം നഷ്ടമായി. 18 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്നാണ് അറിവ്.

ശതാബ്ദിയുടെ മറവിൽ പണമുണ്ടാക്കിയവരുമുണ്ട്. കൃത്യമായി കണക്കു പറയാൻ പറ്റാത്ത തരത്തിലുള്ള ചെലവുകളുടെ മേൽനോട്ടം വഹിച്ചവർക്കാണ് ഇങ്ങനെ പണമുണ്ടാക്കാൻ കഴിഞ്ഞത്. അവർ കൊടുത്ത കണക്ക് ശരിയാണെന്ന് അംഗീകരിക്കയല്ലാതെ മറ്റു പോംവഴിയൊന്നും ഇല്ലായിരുന്നു.

രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണ് ചിലർ ഈ കോലാഹലങ്ങളൊക്കെ ഉണ്ടാക്കുന്നത് എന്ന് ഡിഫെൻഡർ പ്രാരംഭം മുതൽ പറഞ്ഞിരുന്നു. പ്രധാനമന്ത്രിയെ വരെ കൊണ്ടുവരാൻ അവർ ശ്രമിച്ചതും ഈ ഉദ്ദേശ്യത്തോടെയായിരുന്നു. എന്നാൽ പ്രാധാനമന്ത്രി വന്നില്ല. അതോടെ അവരുടെ പദ്ധതി പൊളിഞ്ഞു. മുഖ്യമന്ത്രിയും മറ്റും വന്നെങ്കിലും അതിന് വേണ്ടത്ര കവറേജ് കിട്ടിയതുമില്ല. അതുകൊണ്ട് രാഷ്ട്രീയ നേട്ടങ്ങളുണ്ടാക്കാൻ കഴിയാതെപോയി.

ശതാബ്ദിയുടെ പേരിൽ ഏറ്റവും അധികം വിലസിയത് സാം കുഴിക്കാല ആയിരുന്നു. പക്ഷേ സമ്മേളനം കഴിഞ്ഞ് ഏറെ കഴിയുംമുൻപേ പൂച്ച് പുറത്തായി. കുഴിക്കാലയുടെ തനിനിറം പുറത്തായി. അത് ശതാബ്ദിക്കാർക്ക് വലിയ അടിയായി. സമ്മേളനത്തിന്റെ ജീവാത്മാവായിരുന്ന വ്യക്തിയുടെ കയ്യിലിരുപ്പ് ഇതാണെങ്കിൽ മറ്റുള്ളവർ ഏതു തരക്കാരായിരിക്കും എന്ന് പൊതുജനവും ചോദിക്കുന്നു.

പണ്ടൊക്കെ ദൈവദാസൻമാർ പരസ്യയോഗം നടത്തുന്നതിൽ തല്പരരായിരുന്നു. ആരും കേൾക്കാനില്ലെങ്കിലും അവർ സുവിശേഷം പ്രസംഗിക്കും. ഇത്തരം പരസ്യയോഗങ്ങൾ കേട്ട് നിരവധി ആളുകൾ രക്ഷിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഇന്നത്തെ റവറണ്ടുമാർക്ക് പരസ്യയോഗമെന്നു കേട്ടാൽ പുച്ഛമാണ്. ചെറിയ കൺവെൻഷനുകൾക്കുപോലും അവർ ഡേറ്റ് കൊടുക്കില്ല. വലിയ ക്രൂസേഡ്, സെന്റർ കൺവെൻഷൻ തുടങ്ങിയവയിൽ മാത്രമേ പ്രസംഗിക്കൂ. യോംഗിചോയുടെ സഭയിൽ പത്തുലക്ഷം പേരുണ്ടത്രേ. അതുകൊണ്ട് ഇവിടത്തെ ചോകൾക്കും വേണം പത്തുലക്ഷം. അതിനാണ് മെഗാ ക്രൂസേഡ് നടത്തുന്നത്. ആളുകളുടെ എണ്ണം എത്ര എന്നതിനെ ആശ്രയിച്ചാണ് അനുഗ്രഹത്തിന്റെ അളവ് കണക്കാക്കുന്നത്. പത്തുലക്ഷം ആളുകൾ ശതാബ്ദി സമ്മേളനത്തിൽ പങ്കെടുക്കും എന്നായിരുന്നു പ്രചരണം. പക്ഷേ ആദ്യ ദിവസങ്ങളിൽ എണ്ണം പതിനായിരം കവിഞ്ഞില്ല. അവസാനമായപ്പോഴേക്കും അൻപതിനായിരത്തോളം ആളുകൾ എത്തി. പക്ഷേ പത്തുലക്ഷമെന്നല്ല ഒരുലക്ഷം പോലും ഒരിക്കലും ഉണ്ടായില്ല.

ശതാബ്ദി സമ്മേളനം കൊണ്ട് എന്തു നേടി എന്ന വിഷയമാണല്ലോ പറഞ്ഞു വരുന്നത്. ചിലർ കുറെ പണമുണ്ടാക്കി. ചിലർക്ക് ഷൈൻ ചെയ്യാൻ കഴിഞ്ഞു. ആകെക്കൂടി ഒരു ബഹളം ഉണ്ടാക്കുകയും ചെയ്തു. ഇത്രയുമൊക്കെയാണ് നേട്ടങ്ങൾ. പക്ഷേ കോട്ടങ്ങൾ ഏറെയുണ്ടായി. അരക്കോടിയോളം രൂപ വെറുതെ കളഞ്ഞു എന്നതാണ് പ്രധാന നഷ്ടം. രോഗശാന്തിയുടെ പേരിൽ അനേകർ വഞ്ചിക്കപ്പെട്ടു. ആയിരങ്ങളുടെ പണവും പ്രയത്നവും വൃഥാവിലായി. ദൈവ നാമം ദുഷിക്കപ്പെട്ടു.







## ടി.ജെ.ശമുവേൽ ഇരുമ്പുപാലത്ത്

തട്ടിപ്പുവീരനായ ടി.ജെ. ശമുവേൽ ഇരുമ്പുപാലത്ത് എത്തുന്നു. ഇരുമ്പുകൊണ്ടുണ്ടായ ഏതോ പാലത്തിൽ ടി.ജെ.ശമുവേൽ കയറുന്നു എന്ന് തെറ്റിദ്ധരിക്കരുത്. കാരണം, ഇരുമ്പുപാലമെന്നത് പാലമല്ല, ഇടുക്കി ജില്ലയിലുള്ള ഒരു സ്ഥലമാണ്.

ഇരുമ്പുപാലം അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ വകയായി ഏപ്രിൽ 6 മുതൽ 16 വരെ നടക്കുന്ന കൺവെൻഷനിലാണ് ടി.ജെ.ശമുവേൽ പ്രസംഗിക്കാൻ എത്തുന്നത്. എം.എ.വർഗീസ്, പോൾ ഗോപാലകൃഷ്ണൻ തുടങ്ങിയ തട്ടിപ്പുകാരും ഉണ്ട്. ഇരുമ്പുപാലം ഇളക്കി മറിക്കുന്ന കോലാഹലമായിരിക്കും ഇത്.

ടി.ജെ.ശമുവേൽ പറയുന്ന വിവരക്കേടുകൾ കേൾക്കാൻ താല്പര്യമുള്ളവർ ഇദ്ദേഹത്തെ വിളിച്ച് പ്രസംഗിപ്പിക്കട്ടെ. പക്ഷേ ഒരു കാര്യം: പ്രസ്തുകാരുമായുള്ള ഇടപാട് തീർത്തിട്ട് മതി ടി.ജെ.ശമുവേൽ ഇനി പ്രസംഗിക്കുന്നത്. അല്ലെങ്കിൽ ടി.ജെ. ശമുവേൽ പ്രസംഗിക്കാൻ എത്തുന്നിടത്തെല്ലാം ഡിഫെൻഡർ എത്തും. ടി.ജെ.ശമുവേലിന്റെ മഹത്വം നാട്ടുകാർ അറിയും. അതിനു വഴി വെയ്ക്കാതിരിക്കുകയല്ലേ നല്ലത്?

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3232356
മൊബൈൽ: 94474 14608

RNI No. 68089 / 97
2006 April 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# തോമസ്കുട്ടിയും ചില വസ്തുതകളും

റാന്നിയിൽ നിന്നും വചനഘോഷണം എന്ന പേരിൽ പത്രം പ്രസിദ്ധീകരിക്കുന്ന തോമസ്കുട്ടിയേക്കുറിച്ച് ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുണ്ട്. ഇയാളേപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ച് പലരും ഡിഫെൻഡർ ഓഫീസിലേക്ക് കത്തയച്ചിരുന്നു. ഓരോ കത്തിനും മറുപടി അയയ്ക്കാൻ അത്ര എളുപ്പമല്ലാത്തതിനാൽ തോമസ്കുട്ടിയേപ്പറ്റി ഈ ലക്കത്തിൽ വിശദമായി എഴുതുന്നു.

ജീവിക്കാൻ മറ്റൊരു മാർഗ്ഗവും കാണാതെ വരുമ്പോൾ ചിലർ ഉപദേശിപ്പണിക്ക് ഇറങ്ങാറുണ്ട്. ആ ഇനത്തിൽ പെട്ട ഒരാളാണ് തോമസ്കുട്ടി. കാര്യമായ വിദ്യാഭ്യാസമില്ല. നല്ല ആരോഗ്യമുണ്ട്. കൂലിപ്പണിക്കു പോയാൽ ദിവസവും 200 രൂപയിൽ കുറയാതെ ലഭിക്കും. പക്ഷേ പണിയെടുക്കാതെ നടന്ന് തിന്ന് തരംകണ്ടു പോയവർ ജീവിതത്തിൽ ഒരിക്കലും ജോലി ചെയ്യുകയില്ല. തോമസ്കുട്ടിയുടെ കാര്യവും ഇങ്ങനെ തന്നെ.

ഏതെങ്കിലും വലിയ സഭയിൽ അംഗത്വം ലഭിച്ചാൽ ആ സഭയുടെ മറവിൽ നടന്ന് പണം തട്ടാം. അതിനായി തോമസ്കുട്ടി റാന്നിയിലുള്ള എല്ലാ സഭകളേയും സമീപിച്ചു. ആദ്യം കുറേക്കാലം എ.ജിയുടെ പിന്നാലെ നടന്നു. ഏതു ചെകുത്താനേയും സ്വീകരിക്കാൻ തയ്യാറുള്ള ബാബു ജോർജ്ജിനുപോലും തോമസ്കുട്ടിയെ വഹിക്കാൻ കഴിഞ്ഞില്ല. ഐ.പി.സിയിൽ കയറിപ്പറ്റാൻ നടത്തിയ ശ്രമങ്ങളും വിജയിച്ചില്ല. ചർച്ച് ഓഫ് ഗോഡിലെ അംഗമാണ് എന്നത്രേ ഇപ്പോൾ പറയുന്നത്. ചർച്ച് ഓഫ് ഗോഡിന്റെ ഏതു ലോക്കൽ സഭയിലാണ് അംഗത്വം എന്നുമാത്രം പറയുന്നില്ല.

ഡ്യൂപ്ലിക്കേറ്റുകൾ ഉണ്ടാക്കുകയാണ് തോമസ്കുട്ടിയുടെ മുഖ്യ തൊഴിൽ. ഹോസ്പിറ്റൽ മിനിസ്ട്രിക്ക് തോമസ്കുട്ടി ഒരു ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കിയിട്ടുണ്ട്. യഥാർത്ഥ ഹോസ്പിറ്റൽ മിനിസ്ട്രിക്ക് ലഭിക്കുന്ന സ്വീകാര്യത മുതലെടുക്കാനാണ് ഈ അടവ്. ഈ തന്ത്രം ഉപയോഗിച്ച് തോമസ്കുട്ടി നിരവധി ആളുകളെ വഞ്ചിച്ചിട്ടുമുണ്ട്. ഇപ്പോഴും ഈ വഞ്ചന തുടരുകയുമാണ്.

പെന്തക്കോസ്തൽ പ്രസ്സ് അസോസിയേഷനിൽ അംഗത്വം നേടാൻ തോമസ്കുട്ടി ശ്രമിച്ചെങ്കിലും നടന്നില്ല. അതുകൊണ്ട് തോമസ്കുട്ടി സ്വന്തമായ ഒരു പ്രസ്സ് അസോസിയേഷനുണ്ടാക്കി. ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട് എന്നു പറഞ്ഞതുപോലെ സി.പി. മോനായിയെ കൂട്ടുപിടിക്കയും ചെയ്തു. പക്ഷേ കൂടെക്കൂടാൻ ഏറെപ്പേരെ കിട്ടിയില്ല.

കുമ്പനാട് കൺവെൻഷനിൽ സ്റ്റാൾ ഇട്ട് പല പത്രക്കാരും പണം കൊയ്യുന്നതു കണ്ടപ്പോഴാണ് പത്രം തുടങ്ങാനുള്ള മോഹം തോമസ്കുട്ടിക്കുണ്ടായത്. വചനഘോഷണം തുടങ്ങിയത് അങ്ങനെയാണ്. ഈ വിഷയത്തിൽ തോമസ്കുട്ടി വിജയിക്കയും ചെയ്തു.

റാന്നിയിലും പരിസര പ്രദേശങ്ങളിലുമുള്ള പൊങ്ങപ്പോഴൻമാരെ കബളിപ്പിച്ചുകൊണ്ടാണ് തോമസ്കുട്ടി ബിസിനസ്സ് ആരംഭിച്ചത്. ഫാദേഴ്സ് ഹൗസുകാരനാണ് പ്രധാന ഇര. പത്രത്തിന്റെ ഒരു പേജ് ഈ ചങ്ങാതിക്ക് കൊടുത്തിരിക്കയാണ്. ആ വകയിൽ നല്ലൊരു തുക കിട്ടുന്നുണ്ട്.

ബോയിഡ് എന്നൊരു വിദ്വാനെയും തോമസ്കുട്ടി കണ്ടെത്തി. പാലുകാച്ചൽ ശുശ്രൂഷ എന്നൊരു വിചിത്ര ശുശ്രൂഷ ഈ മാന്യദേഹം ചെയ്ത കാര്യം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ.

അമേരിക്കയിൽ നിന്നോ ഗൾഫിൽ നിന്നോ ഏതെങ്കിലും ഒരു പൊങ്ങപ്പോഴൻ എത്തിയെന്നറിഞ്ഞാൽ തോമസ്കുട്ടി അവിടെയെത്തും. അദ്ദേഹത്തെ വിശ്വാസവീരനായി ചിത്രീകരിക്കുന്ന ഒരു ലേഖനം എഴുതിയുണ്ടാക്കും. ഫോട്ടോ സഹിതം അത് പ്രസിദ്ധീകരിക്കയും ചെയ്യും. ഈ വകയിലും നല്ലൊരു തുക കിട്ടും.

മറ്റു പത്രങ്ങളിൽ വരുന്ന പരസ്യങ്ങൾ തോമസ്കുട്ടി ശ്രദ്ധിച്ച് പരിശോധിക്കും. പരസ്യം കൊടുത്തവരെ തപ്പിപ്പിടിക്കും. പതിനായിരക്കണക്കിന് കോപ്പികൾ അടിക്കുന്ന പത്രമാണെന്നു തെറ്റിദ്ധരിപ്പിച്ച് തോമസ്കുട്ടി പരസ്യം വാങ്ങും. ഇത്തരത്തിലുള്ള ഒരു പരസ്യം കിട്ടിയാൽ ഒരു ലക്കം ഇറക്കാനുള്ള പണമായി.

സപ്ലിമെന്റ് ഇറക്കലാണ് മറ്റൊരു പരിപാടി. എവിടെയെങ്കിലും ഒരു കൺവെൻഷൻ നടക്കുന്നതായി അറിഞ്ഞാൽ തോമസ്കുട്ടി പാഞ്ഞെത്തും. കൺവെൻഷന് സ്പെഷ്യൽ പതിപ്പിറക്കാമെന്ന് വാഗ്ദാനം ചെയ്യും. സഭയുടെ നേതാവിൽ നിന്ന് കുറച്ചു പണം കിട്ടും. കൂടാതെ, പരസ്യം വകയിലും വേണ്ടതിലധികം കിട്ടും. ആകെ അഞ്ഞൂറു കോപ്പിയടിക്കും. കുശാൽ.

പെന്തക്കോസ്ത് ചായ്വുള്ള പത്രത്തിന് സമുദായക്കാർ പരസ്യം കൊടുക്കാൻ മടിക്കും. അതുകൊണ്ട് സമുദായക്കാർക്കുവേണ്ടി ഒരു പത്രം ഇറക്കാൻ തോമസ്കുട്ടി തീരുമാനിച്ചു. മാരാമൺ കൺവെൻഷൻ നടക്കുന്ന സമയത്ത് ഈ പത്രം ഇറക്കുകയും ചെയ്തു. സമുദായക്കാർക്കുവേണ്ടി പത്രം ഇറക്കുമ്പോൾ തോമസ്കുട്ടി ഒന്നാംതരം സമുദായക്കാരൻ. പെന്തക്കോസ്തുകാർക്കുവേണ്ടി പത്രം ഇറക്കുമ്പോൾ ഒന്നാംതരം പോന്തക്കോസ്തുകാരൻ. തരം പോലെ തലയോ വാലോ കാണിച്ച് വിലസുന്നു.

ഈ വിദ്യ തോമസ്കുട്ടി എവിടെനിന്ന് പഠിച്ചു? സാക്ഷാൽ ജെ.സി.ദേവിൽ നിന്ന്. ദേവ് ബ്രദറുകാരനാണോ? അതെ. ബ്രദറുകാരുടെ കൂട്ടത്തിൽ ചെന്നാൽ ദേവ് ബ്രദറുകാരൻ തന്നെ. ബ്രദറൻ ഉപദേശങ്ങൾ സ്ഥാപിച്ച് പ്രസംഗിക്കയും എഴുതുകയും ഒക്കെ ചെയ്യും. പക്ഷേ പെന്തക്കോസ്തുകാരുടെ കൂട്ടത്തിൽ ചെന്നാൽ പ്ലേറ്റ് തിരിച്ചു വെയ്ക്കും. ഉഗ്രൻ പെന്തക്കോസ്ത് പ്രസംഗം നടത്തും. പെന്തക്കോസ്തിന്റെ മഹത്വം വാഴ്ത്തിപ്പാടി ലേഖനമെഴുതും. (ഇതൊക്കെ കാണുമ്പോൾ സാമാന്യ ബുദ്ധിയുള്ളവർക്ക് ദേവിന്റെ പിതൃത്വത്തേക്കുറിച്ചുപോലും സംശയം തോന്നിപ്പോകും). തോമസ്കുട്ടിയുടെ ഗുരു ഈ നീചനാണ്. അതുകൊണ്ടാണ് തോമസ്കുട്ടിയും ഇങ്ങനെയായത്.

തോമസ്കുട്ടിയെ ഡിഫെൻഡർ എന്തുകൊണ്ട് എതിർക്കുന്നു? വിശദീകരിക്കം.

1. തോമസ്കുട്ടി തട്ടിപ്പുകാരനാണ്. ഈയാളേപ്പോലുള്ള തട്ടിപ്പുകാരെ എതിർക്കാതെ പറ്റില്ല.
2. ഇയാൾ പെന്തക്കോസ്തുകാരനാണെന്ന് ഭാവിച്ചു നടക്കുന്നുണ്ടെങ്കിലും പെന്തക്കോസ്ത് വിശ്വാസമുള്ളവനല്ല.
3. ഉപജീവനത്തിനുള്ള ഒരു വഴി എന്ന നിലയ്ക്ക് സുവിശേഷവേലയും പത്രപ്രവർത്തനവും തെരഞ്ഞെടുത്ത ആളാണ്.
4. തോമസ്കുട്ടിയെ ദൈവദാസനായി തെറ്റിദ്ധരിച്ച് ദൈവമക്കൾ ചതിക്കപ്പെടുന്നത് തടയണം.

# വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ



വിശ്വാസികളും ശുശ്രൂഷകന്മാരും അറിഞ്ഞിരിക്കേണ്ട എല്ലാ ഉപദേശ വിഷയങ്ങളും ഉൾക്കൊള്ളുന്ന സി.ഡി.കൾ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്നു. MP3 ഫോർമാറ്റിൽ 10 ഓഡിയോ സി.ഡി.കൾ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 120 മണിക്കൂർ ദൈർഘ്യമുള്ള ബൈബിൾ സ്റ്റഡിയാണിത്.

## സി.ഡികളുടെ ഉള്ളടക്കം

**C.D.-1.** രക്ഷയെ ബാധിക്കുന്ന അടിസ്ഥാനവേദോപദേശങ്ങളാണ് ഈ സി.ഡിയിൽ ഉണ്ടാകുക. രക്ഷ, വിശ്വാസ സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ വിഷയങ്ങളെല്ലാം ഉണ്ടാകും.

**C.D.-2.** കൾട്ടുകളെക്കുറിച്ചുള്ള പഠനമാണ് രണ്ടാമത്തെ സി.ഡി.യിൽ ഉണ്ടാകുക. യഹോവ സാക്ഷികൾ, ശാബതുകാർ, മോർമോൺ ക്രിസ്റ്റാഡെൽഫിയൻ, ക്രിസ്ത്യൻ സയൻസ് തുടങ്ങിയ പ്രധാനകൾട്ടുകളെക്കുറിച്ചെല്ലാമുള്ള പഠനങ്ങൾ ഉണ്ടാകും.

**C.D.-3.** ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് മൂന്നാമത്തെ സി.ഡി.യുടെ ഉള്ളടക്കം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ദുരാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിച്ചാണ് പഠനം നടത്തുക. ആത്മവിവശത, ഹിപ്നോട്ടിസം, യോഗാഭ്യാസം, പ്രാണിക് ഹീലിംഗ് തുടങ്ങിയവയേക്കുറിച്ചുള്ള പഠനങ്ങളും ഉണ്ടാകും.

**C.D.-4.** നാലാമത്തെ സി.ഡയിൽ ദുരുപദേശങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾപ്പെടുത്തുക. ദൈവസഭയെ തകർക്കാനായി സാത്താൻ പ്രചരിപ്പിക്കുന്ന പ്രധാനപ്പെട്ട ദുരുപദേശങ്ങളെല്ലാം ഈ സി.ഡി.യിൽ പഠനവിധേയമാക്കും.

**C.D.-5.** പ്രധാനപ്പെട്ട ലോക മതങ്ങളെക്കുറിച്ചുള്ള വിശദമായ പഠനങ്ങളായിരിക്കും അഞ്ചാമത്തെ സി.ഡി.യുടെ ഉള്ളടക്കം. ഹിന്ദുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം തുടങ്ങിയവയെല്ലാം ഉണ്ടാകും. അന്യ മതങ്ങളിൽ വിശ്വസിക്കുന്നവരോട് സുവിശേഷം അറിയിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ സി.ഡി. സഹായകമാകും.

**C.D.-6.** ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ആറാമത്തെ സി.ഡി.യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യേശു പറഞ്ഞ ഉപമകൾ ഉൾപ്പെടെയുള്ള നിരവധി വ്യാഖ്യാനപ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതാണ്.

**C.D.-7.** ഭാവികാല ശാസ്ത്രത്തെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഏഴാമത്തെ സി.ഡി.യിൽ ഉണ്ടാകുക. സ്വർഗ്ഗം, നരകം, പാതാളം തുടങ്ങിയ വിഷയങ്ങളോടൊപ്പം ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം എന്നിവയുടെ വ്യാഖ്യാനങ്ങളും ഉണ്ടാകും.

**C.D.-8, 9, 10.** ബൈബിളുമായി ബന്ധപ്പെട്ട നൂറുകണക്കിന് സംശയങ്ങൾക്ക് ഉചിതമായ മറുപടി പറയാൻ കഴിയാതെ വിശ്വാസികളും ശുശ്രൂഷകന്മാരും കുഴയാറുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് 8,9,10 എന്നീ സി.ഡി.കളിൽ ഉണ്ടാകുക.

പ്രസിദ്ധീകരണം:
2005 ജൂൺ മുതൽ മാസത്തിൽ ഒരു സി.ഡി. വീതം
വില: 10 സി.ഡി. അടങ്ങുന്ന ഒരു സെറ്റ് - 1000 രൂപ
മുൻകൂർ ബുക്കിങ്ങ്: 900 രൂപ മാത്രം പോസ്റ്റേജ് സൗജന്യം
**കൂടുതൽ വിവരങ്ങൾക്ക്: 94474 14608**

മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് തുടങ്ങിയവ അയയ്ക്കേണ്ട വിലാസം:
**റ്റി.എസ്.ബാലൻ**
**ആനന്ദ് ഭവൻ, പെരുമ്പാവൂർ പി.ഒ., എറണാകുളം.**
**പിൻ 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan